കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം.7/1999/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.26.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.7/1999/2017 തിയ്യതി:26.10.2017

മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20.11.2016 മുതൽ 04.08.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 04-08-2017 മുതൽ 17-08-2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ടി.പി.അബ്ദുൾ ജലീൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സക്കീർ ഹുസൈൻ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. റഷീദ്.വി | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.മുഹമ്മദ് മാസ്റ്റർ | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.എസ്.നിസാർ | 01.04.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.എസ്.നിസാർ | 01.04.2016 മുതൽ 31.03.2017 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.മിനി.ആർ.നായർ | 01.04.2016 മുതൽ 12.08.2016 വരെ |
| | ശ്രീ.തോമസ് ജോസഫ് | 31.10.2016 മുതൽ 31.01.2017 വരെ |
| | ശ്രീമതി.ലീന മോൾ | 18.02.2017 മുതൽ 31.03.2017 വരെ |
| | തസ്തിക ഒഴിവ് | 13.08.2016 മുതൽ 30.10.2016 വരെ 01.02.2017 മുതൽ 17.02.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.പി.നാരായണി | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.സജീവ് കുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.കെ.കെ.ജെയിംസ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജാസ്മിൻ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.സഞ്ജു.എം.പി | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. വിനോദിനി.വി | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.ബാലചന്ദ്രൻ നായർ | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ. അബ്ദുൾ നാസർ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സാബിറ | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം.


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | രശീതി പുസ്തകങ്ങളുടെ ഉപയോഗത്തിലുള്ള അപാകതകൾ. | 2-1 | |
| 13 | പെർമനന്റ് അഡ്വാൻസ്/ഇമ്പ്രസ്റ്റ് തുകയുടെ വിവരങ്ങൾ ലഭ്യമല്ല. | 2-2 | |
| 14 | ബി.എസ്.എൻ.എല്ലിന്റെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല. | 2-3 | |
| 15 | 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല. | 2-4 | |
| 16 | അർഹത ഉറപ്പുവരുത്താതെ നികുതി ഇളവ് നൽകി. | 2-5 | |
| 17 | വസ്തുനികുതി നിർണ്ണയം - വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കാക്കിയില്ല. | 2-6 | |
| 18 | റിസോർട്ടിന് വസ്തുനികുതി ഈടാക്കിയില്ല. | 2-7 | |
| 19 | കെട്ടിടത്തിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 2-8 | |
| 20 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. | 2-9 | |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 21 | സാനിറ്റേഷൻ ചെലവ്- വിനിയോഗ വിവരം ലഭ്യമല്ല. | 3-1 | |
| 22 | ഡെപ്പോസിറ്റ് പ്രവർത്തി - പൂർത്തീകരണ വിവരം ഇല്ല. | 3-2 | |
| 23 | ചെലവുകൾക്ക് വ്യക്തമായ അനുബന്ധ രേഖകൾ ഇല്ല. | 3-3 | |
| 24 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3-4 | |
| 25 | സെക്രട്ടറിയുടെ പ്രോജക്ടുകൾ - ഒരു അവലോകനം. | 3-5 | |
| 26 | സ്കൂളുകൾക്ക് വെയ്സ്റ്റ് ബിൻ- ടെണ്ടറിൽ വെട്ടിതിരുത്തലുകൾ. | 3-6 | |
| 27 | സൈക്കിൾ വിതരണം - സർക്കാർ നിർദേശം പാലിച്ചില്ല. | 3-7 | |
| 28 | ബുദ്ധിമാന്ദ്യംഉള്ള കുട്ടികളുടെ എണ്ണം കൂടിവരുന്നു- കാരണങ്ങൾ പരിശോധനാ വിധേയമാക്കേണ്ടതാണ്. | 3-8 | |
| 29 | വാഹന വാടക അനുവദിച്ചത്- രേഖകൾ പൂർണമല്ല. | 3-9 | |

| | | | |
|---|---|---|---|
| 30 | രണ്ട് ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തിയായില്ല. | 3-10 | |
| 31 | ഫലവൃക്ഷ തൈവിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 3-11 | |
| 32 | രോഗപ്രതിരോധ പ്രവൃത്തനങ്ങൾ എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3-12 | |
| 33 | മരുന്ന് ലഭ്യമായിട്ടില്ല. | 3-13 | |
| 34 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായിട്ടില്ല. | 3-14 | |
| 35 | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സർവ്വീസ് ടാക്സ് മൂല്ല്യനിർണ്ണയത്തിലുൾപ്പെടുത്തി കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകി; നഷ്ടം 34,035 രൂപ. | 3-15 | |
| 36 | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സർവ്വീസ് ടാക്സ് മൂല്ല്യനിർണ്ണയത്തിലുൾപ്പെടുത്തി കുറവ് ചെയ്യുകയോ കൺവീനർമാർ സർക്കാറിലേക്കടവാക്കുകയോ ചെയ്തിട്ടില്ല. | 3-16 | |
| 37 | കൺവീനർ സർവ്വീസ് ടാക്സ് അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. | 3-17 | |
| 38 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫൈനൽ ബിൽ അംഗീകരിക്കുന്നതിന് മുമ്പ് കൺവീനർക്ക്/ കരാറുകാരന് തുക നൽകി; നഷ്ടം 4,792 രൂപ. | 3-18 | |
| 39 | പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ലേലം ചെയ്തില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 3-19 | |
| 40 | പുതിയ ബസ് സ്റ്റാന്റ് വികസനത്തിന് ബസ് ബേ നിർമാണം എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3-20 | |
| 41 | സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് ഡ്രൈനേജ് നിർമിച്ചു; വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 3-21 | |
| 42 | ബസ് സ്റ്റാന്റ് ഭൂമി സൗകര്യപ്പെടുത്തൽ (290/16) എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3-22 | |
| 43 | പുന്നക്കാട് ഗ്രൗണ്ട് (217/17) എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3-23 | |
| 44 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - ചെലവ് രേഖകൾ ഹാജരാക്കിയില്ല. | 3-24 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 45 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 46 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 47 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 48 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 49 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 50 | ഓഡിറ്റ് റിക്കവറി | 4-6 | |

| | | | |
|---|---|---|---|
| 51 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 52 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 53 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 03.03.2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 13.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

1).വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

2).2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 58 പ്രകാരം കാലയളവ് അവസാനിക്കുമ്പോൾ ഉള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3).പെർമനന്റ് അഡ്വാൻസ് / ഇമ്പ്രസ്റ്റ് തുക 200/- രൂപക്ക് പകരം 700/- രൂപയാണ് അനുവദിച്ചിട്ടുള്ളത്.

4).ബാലൻസ് ഷീറ്റിൽ (Schedule B-15) താഴെ പറയുന്ന കുടിശ്ശിക വിവരങ്ങൾ (-) തുകയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| | |
|---|---|
| Receivables of Property Tax on Residential Buildings (Current) | (-) 102098 |
| Rent Receivables from Buildings (Arrears) | (-) 83050 |

5).തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| ഡിമാന്റ് രജിസ്റ്റർ പ്രകാരം | Prof.Tax (Employees) | 1273364 | 1260710 | 12654 |
| | Prof.Tax (Traders/Institution) | 296590 | 294090 | 2500 |
| വാർഷിക കണക്ക് പ്രകാരം | Prof.Tax (Employees) | 1260710 | 1260710 | 0 |
| | Prof.Tax (Traders/Institution) | 299090 | 299090 | 0 |

6). ബസ് സ്റ്റാന്റ് വരവ് ഡിമാന്റ് രജിസ്റ്റർ, വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ഡിമാന്റ് രജിസ്റ്റർ പ്രകാരം | 1,70,000 |
| വാർഷിക കണക്ക് പ്രകാരം | 1,25,000 |
| വ്യത്യാസം | 45,000 |

7). വാടക ഡിമാന്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| ഡിമാന്റ് രജിസ്റ്റർ പ്രകാരം | Rent (Current) | 1516896 | 1290940 | 225956 |
| | Rent (Arrears) | 263254 | 252699 | 10555 |
| വാർഷിക കണക്ക് പ്രകാരം | Rent (Current) | 1516896 | 1191176 | 325720 |
| | Rent (Arrears) | 258890 | 341940 | (-) 83050 |

8).പഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളവയിൽ, ലഭ്യത സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

9). ബാലൻസ് ഷീറ്റ് Schedule : B-9 ൽ Advance Collection of revenues – Rent from Lease of Lands എന്നതിൽ 990/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് RP-36 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

10). ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ ആയി അക്കൗണ്ട് ചെയ്യേണ്ട 2,00,000/- രൂപ RP-21 ൽ Grant for Stadiums and Play Grounds – Revenue Expences എന്ന ഹെഡ്ഡിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

11). എം.ജി.എൻ.ആർ.ഇ.ജി.എസ് ഇ.എഫ്.എം.എസ് ഒഴികെയുള്ള ചെലവ് തുക വാർഷിക കണക്കിൽ (RP-16 ഷെഡ്യൂൾ) വ്യത്യാസം വന്നിരിക്കുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| യഥാർത്ഥ കണക്ക് | 3142 | 1186310 | 1189452 | 1138764 | 50688 |
| വാർഷിക കണക്ക് പ്രകാരം | 3142 | 1186310 | 1189452 | 934614 | 50688 |
| വ്യത്യാസം | 0 | 0 | 0 | 204150 | 0 |

12). താഴെ പറയുന്ന അക്കൗണ്ടുകളിലെ 31.03.2017 ലെ വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക

ബാങ്ക് പാസ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

i). Treasury Special TSB – Joint Venture.

| | |
|---|---|
| വാർഷിക കണക്ക് പ്രകാരമുള്ള നീക്കി ബാക്കി | 321914 |
| പാസ് ബുക്ക് പ്രകാരമുള്ള നീക്കി ബാക്കി | 636914 |
| വ്യത്യാസം | 315000 |

28.03.2017 ൽ പാസ് ബുക്കിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള 3,15,000/- രൂപ സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

ii). KSCB – 7433 (Western Ghat - Gen)

| | |
|---|---|
| വാർഷിക കണക്ക് പ്രകാരമുള്ള നീക്കി ബാക്കി | 135391 |
| പാസ് ബുക്ക് പ്രകാരമുള്ള നീക്കി ബാക്കി | 3416 |

| | |
|---|---|
| വ്യത്യാസം | 131975 |

31.03.2017 ൽ പലിശയിനത്തിൽ ലഭിച്ച 3,316/- രൂപയും താഴെ പറയുന്ന ചെലവുകളും സാംഖ്യയിൽ അക്കൗണ്ട് ചെയ്യാത്തത് കൊണ്ടാണ് ഈ അപാകത സംഭവിച്ചിട്ടുള്ളത്.

| ചെക്ക് നമ്പർ / തിയ്യതി | തുക |
|---|---|
| 164728/16.08.2016 | 18,500/- |
| 164729/23.09.2016 | 32,664/- |
| 164730/23.09.2016 | 23,376 |
| 164731/23.09.2016 | 2,786/- |
| 164732/23.09.2016 | 10,000/- |
| 164733/23.10.2017 | 47,965/- |
| ആകെ | 1,35,291/- |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27076444 |
| വരവ് | 83987578 |
| ആകെ | 111064022 |
| ചെലവ് | 74820160 |
| നീക്കിയിരുപ്പ് | 36243862 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | ചെലവ് ശതമാനം | നീക്കിയിരിപ്പ് 40(b) പ്രകാരം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 20319397 | 20319397 | 17369363 | 2950034 | 85.48 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5395077 | 5395077 | 3744757 | 1650320 | 69.41 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 449346 | 449346 | 299564 | 149782 | 66.67 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10389699 | 10389699 | 7817560 | 2572139 | 75.24 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 5426649 | 5426649 | 4207125 | 1219524 | 77.53 | 0 |
| 13 -ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 11395802 | 11395802 | 8829124 | 2566678 | 77.48 | 0 |
| പെർഫോർമൻസ് ഗ്രാന്റ് (സെൻട്രൽ) | 0 | 6627550 | 6627550 | 6493844 | 133706 | 97.98 | 0 |
| പെർഫോർമൻസ് ഗ്രാന്റ് (സ്റ്റേറ്റ്) | 0 | 1568437 | 1568437 | 0 | 1568437 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 3142 | 19655814 | 19658956 | 19608268 | | 99.74 | 50688 |
| ബി ഫണ്ട് | 0 | 56071545 | 56071545 | 56071545 | 0 | 100% | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 241 | 77579015 | 181 | 55158261 | 1 | 59 | 75.10 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4370817 | 6056178 | (+) 1685361 | (+) 38.56 % |
| നികുതിയേതര വരവുകൾ | 1505949 | 1804952 | (+) 299003 | (+) 19.85 % |
| മറ്റുവരവുകൾ | 70669413 | 75097447 | (+) 4428034 | (+) 6.20 % |
| ആകെ | 76546179 | 82958577 | (+) 6412398 | (+) 8.38 % |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 312000 | 220 |
| കർഷകതൊഴിലാളി പെൻഷൻ | 4270320 | 476 |
| വിധവാപെൻഷൻ | 18438950 | 1704 |
| വാർദ്ധക്യകാലപെൻഷൻ | 28014515 | 2639 |
| വികലാംഗപെൻഷൻ | 4381100 | 465 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 654660 | 65 |
| വിവാഹ ധനസഹായം | 750000 | 25 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.08.2017 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 67,342/- രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

എഗ്രിമെന്റ് രജിസ്റ്റർ

അസിസ്റ്റന്റ് എഞ്ചിനീയർ എഴുതി സൂക്ഷിക്കുന്ന എഗ്രിമെന്റ് രജിസ്റ്ററിൽ കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തിയ്യതി രേഖപ്പെടുത്തുന്നില്ല.

ടെണ്ടർ രജിസ്റ്റർ

ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ ലഭിച്ച തിയ്യതി, അംഗീകരിച്ച തിയ്യതി, ഭരണസമിതി തീരുമാനത്തിന്റെ നമ്പർ / തിയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

ടി.ആർ.7 ക്യാഷ്ബുക്ക്.

ഹെഡ്മാസ്റ്റർ, വെറ്റിനറി സർജൻ എന്നിവർ ടി.ആർ.7 ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.06.2017 | 01.04.2017 മുതൽ 31.05.2017 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.11.2004 മുതൽ 23.11.2004 വരെ | 1997-98 മുതൽ | 03.01.2005 |

| | | 2003 – 04 വരെ | |
|---|---|---|---|

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി പുസ്തകങ്ങളുടെ ഉപയോഗത്തിലുള്ള അപാകതകൾ.

ഗ്രാമപഞ്ചായത്തിൽ നിന്നും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്തിട്ടുള്ള രശീതി പുസ്തകങ്ങളുടെ ഉപയോഗത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

കൃഷി ഓഫീസർക്ക് വിതരണം ചെയ്ത രശീതി ബുക്കുകളിലെ അപാകതകൾ.

1). രശീതി പുസ്തകങ്ങളിൽ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.

2).കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3). രശീതികളിൽ വരവ് തുക അക്ഷരത്തിൽ എഴുതിയിട്ടില്ല.

4).ബുക്ക് നമ്പർ.11502,11503,11517 എന്നീ രശീതി പുസ്തകങ്ങളിലെ രശീതികളിലൊന്നും പണം കൈപ്പറ്റിയ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വരവ് തുക യഥാസമയം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5). ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ തന്നെ പ്രവർത്തിക്കുന്ന കൃഷി ഓഫീസിൽ ലഭിക്കുന്ന വരവ് തുകകൾ തൊട്ടടുത്ത പ്രവർത്തി ദിനത്തിലാണ് ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നത്. 13.03.2017 ലെ കളക്ഷൻ തുകയായ 9100/- രൂപയും, 14.03.2017 ലെ കളക്ഷൻ തുകയായ 8400/- രൂപയും ചേർത്ത് 17500/- രൂപ 15.03.2017 ന് മാത്രമാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്.

വെറ്റിനറി സർജൻ വിതരണം ചെയ്ത രശീതി ബുക്കുകളിലെ അപാകതകൾ.

വെറ്റിനറി സർജന് വിതരണം ചെയ്തിട്ടുള്ള രശീതി പുസ്തകങ്ങളുടെ ഉപയോഗത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). രശീതി പുസ്തകങ്ങളിൽ (ബുക്ക് നമ്പർ.24715, 16726, 11506 മുതൽ 11515 വരെ) സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.

2).11506/100, 11509/14, 11509/24, 11509/25, 11510/43, 11520/31, 11521/85 എന്നീ 7 രശീതികളിൽ തുക രേഖപ്പെടുത്താതെയാണ് പണം അടച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് രശീതി നൽകിയിട്ടുള്ളത്. ഈ രശീതികളിൽ ഓരോന്നിനും 150/- രൂപ വീതം കണക്കാക്കി പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

3). രശീതി നമ്പർ.24715/22 മുതൽ 99 വരെയും 11506/1 മുതൽ 52 വരെയുമുള്ള രശീതികൾ പ്രകാരം 18.03.2017 ന് കൈപ്പറ്റിയ 19,500/- രൂപ, രശീതിയിലെ തിയ്യതി തിരുത്തി 21.03.2017 എന്നാക്കി മാറ്റിയതിന് ശേഷം 21.03.2017 ന് മാത്രമാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്.

4).11514/3 മുതൽ 100 വരെയും, 11515/2 മുതൽ 100 വരെയും, 11511/63 മുതൽ 100 വരെയുമുള്ള രശീതികളിൽ പേരും, വീട്ടുപേരും, തിയ്യതിയും മാത്രം രേഖപ്പെടുത്തി രശീതി നൽകുകയും, പിന്നീട് തുകയും രശീതി വിവരങ്ങളും എഴുതിച്ചേർക്കുകയുമാണ് ചെയ്തിട്ടുള്ളത്.

5). 11524/91, 11524/92, 11522/56 എന്നീ രശീതികൾ രശീതി ബുക്കിൽ നിന്ന് നഷ്ടമായതായി കാണുന്നു. ഈ രശീതികൾ പ്രകാരം കൈപ്പറ്റിയ തുക പരിശോധിക്കുന്നതിന് ബന്ധപ്പെട്ട ഒറിജിനൽ / ഡ്യൂപ്ലിക്കേറ്റ് രശീതികൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

(അപാകതകൾ ഓഡിറ്റ് എൻക്വയറികൾ (എൻക്വയറി നമ്പർ.5/10.08.2017 & 9/14.08.2017) മുഖേന ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.)

## 2-2 പെർമനന്റ് അഡ്വാൻസ്/ഇമ്പ്രസ്റ്റ് തുകയുടെ വിവരങ്ങൾ ലഭ്യമല്ല.

2016-17 വർഷത്തെ വാർഷിക കണക്ക് പ്രകാരം 700/- രൂപ പെർമനന്റ് അഡ്വാൻസ് / ഇപ്രസ്റ്റ് തുക ഇനത്തിൽ നീക്കിയിരിപ്പുണ്ട്. ആയതിന്റെ പെറ്റി ക്യാഷ് ബുക്ക്, വൗച്ചർ / ബാക്കി തുകയുടെ വിവരങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.2/10.08.2017) മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആവശ്യപ്പെട്ട വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-3 ബി.എസ്.എൻ.എല്ലിന്റെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല.

WP(C) No.16670/06 നമ്പർ കേസിന്റെ അന്തിമവിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും BSNL സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന BSNL സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(അപാകത ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ.10/14.08.2017) മുഖേന ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.)

## 2-4 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല.

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെ നിർദ്ദേശാനുസരണം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം സംബന്ധിച്ച് 24.09.2016 ൽ സർക്കാർ ഉത്തരവ് നമ്പർ. 576/ഡി.സി/1/2016/തസ്വഭവ പ്രകാരം ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഒരു വർഷമാകാറായിട്ടും ഗ്രാമപഞ്ചായത്ത് ഇത് നടപ്പാക്കിയിട്ടില്ല. മേൽ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1).വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.

2).പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് വില ഈടാക്കുന്നതാണ് എന്ന വിവരം വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

3).വിൽപ്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം.

4).ഒരു മാസം കുറഞ്ഞത് 4000/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000/- രൂപ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി ഈടാക്കി മേൽ പ്രകാരം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം / ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

5).പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗത്തിന്റെ തോത് അനുസരിച്ച് കൂടുതൽ തുക പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി വ്യാപാരികളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്.

6).പ്ലാസ്റ്റിക് പരിപാലന ഇനത്തിൽ ലഭ്യമാകുന്ന തുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ അധികാര പരിധിയിൽ സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്.

വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ വിവരം, രജിസ്റ്റർ ചെയ്ത വ്യാപാര സ്ഥാപനങ്ങളുടെ വിവരം, ഈടാക്കിയ ഫീസിന്റെ വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.11/14.08.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.11/14.08.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 2-5 അർഹത ഉറപ്പുവരുത്താതെ നികുതി ഇളവ് നൽകി.

അർഹത ഉറപ്പുവരുത്താതെ നികുതി ഇളവ് നൽകി.

ജി.ഒ (എം.എസ് ) 358/ 2015 തസ്വഭവ 16-12-2015 പ്രകാരം 660 സ്ക്വയർ ഫീറ്റ് വരെ തറവിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹങ്ങളേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ / കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഒരു പഞ്ചവർഷ അസസ്മെന്റ് കാലയളവിലേക്ക് ഇപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം കർശനമായും സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഉടമസ്ഥന്റെ സത്യവാങ്മൂലം വാങ്ങാതെ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചതായി കാണുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | വാർഡ് / കെട്ടിട നമ്പർ | കെട്ടിടത്തിന്റെ തറവിസ്തീർണ്ണം (ച. മീ ) |
|---|---|---|---|
| 1 | നാരായണി, മമ്പാടൻ ഹൌസ്, കുട്ടത്തി.പി.ഒ | I/248A | 44 |
| 2 | ഇബ്ന സുഹദ്, ആലക്കാടൻ, കേരള എസ്റ്റേറ്റ് | IV/16A | 46.02 |
| 3 | മുഹമ്മദ് ബിലാൽ & ഷമീറ, പുറത്താട്ടുചാലുപറമ്പിൽ, കേരള എസ്റ്റേറ്റ് | IV/16C | 46.80 |
| 4 | ആയിഷ.കെ. കൊറ്റങ്ങോടൻ ഹൌസ്, പുൽവെട്ട.പി.ഒ | XV/80A | 24 |

അർഹതപ്പെട്ടവർക്ക തന്നെയാണോ നികുതിയിളവ് നൽകിയിട്ടുള്ളത് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തി സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതും അർഹരല്ലാത്തവരിൽ നിന്ന് വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

(അപാകത ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ.21/17.08.2017) മുഖേന ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.)

## 2-6 വസ്തുനികുതി നിർണ്ണയം - വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കാക്കിയില്ല.

13.03.2013 ലെ സ.ഉ(പി) നമ്പർ.88/2013/തസ്വഭവ ഉത്തരവ് പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. ഒരു കെട്ടിടത്തിന്റെ മുമ്പിലും വശത്തുമായി രണ്ട് തരം റോഡുകൾ ഉണ്ടായിരിക്കുകയും അവയിൽ നിന്ന് ഒരു റോഡിൽ നിന്ന് മാത്രം കെട്ടിടത്തിലേക്ക് പ്രവേശനമാർഗ്ഗം ഏർപ്പെടുത്തിയിരിക്കുകയും ചെയ്തിരിക്കുന്ന സംഗതിയിൽ, അവയിൽ പ്രധാനപ്പെട്ട റോഡിൽ നിന്ന് കെട്ടിടത്തിലേക്ക് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണ്. കൂടാതെ ഏതെങ്കിലും ഒരു പ്രധാന റോഡിൽ നിന്നും പത്ത് മീറ്റർ മാത്രം ദൂരത്തിൽ മറ്റൊരു അപ്രധാന റോഡ് മുഖേനയോ പൊതുനടപ്പാത മുഖേനയോ കെട്ടിടത്തിലേക്ക് വഴി സൗകര്യം ലഭ്യമാക്കിയിട്ടുള്ള സംഗതിയിൽ പ്രധാന റോഡിൽ നിന്നും കെട്ടിടത്തിലേക്ക് വഴി സൗകര്യമുള്ളതായി കണക്കാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള ചില അപേക്ഷകളിൽ സൈറ്റ്

പ്ലാനിൽ റോഡിന്റെ വീതി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഇപ്രകാരം വർദ്ധനവ് വരുത്തിയിട്ടില്ലാത്തതിനാൽ താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേരും വിലാസവും | വിവരണം | ഈടാക്കേണ്ട വസ്തുനികുതി (L.C ഉൾപ്പെടെ) | ഈടാക്കിയ വസ്തുനികുതി (L.C ഉൾപ്പെടെ) | കുറവ് |
|---|---|---|---|---|---|
| 1 | ജാഫർ, വില്ലൻ ഹൌസ്, പുൽവെട്ട.പി.ഒ (അനുവദിച്ച കെട്ടിടനമ്പർ.XV/420A തി.02.06.2016) | വിനിയോഗം - വാസഗൃഹം, തറവിസ്തീർണ്ണം - 107.58 ച.മീ റോഡിന്റെ വീതി: 6മീ. ഇളവ്- മേഖല 10% വർദ്ധനവ്- 20% (റോഡ്) അടിസ്ഥാന വസ്തുനികുതി നിരക്ക് - 4 | 499 (475 + 24) | 395 (376+19) | 104 (99+5) |
| 2 | ഹൈദർ, വാളങ്ങോടൻ ഹൗസ്, തരിശ്.പി.ഒ (അനുവദിച്ച കെട്ടിടനമ്പർ. X/823Aതിയ്യതി: 18.02.2017) | വിനിയോഗം - വാസഗൃഹം, തറവിസ്തീർണ്ണം - 205.90 ച.മീ റോഡിന്റെ വീതി: 6മീ. ഇളവ്- ഇല്ല വർദ്ധനവ്- റോഡ് (20%) അടിസ്ഥാന വസ്തുനികുതി നിരക്ക് - 4 | 1039 (989+50) | 965 (919+46) | 74 (70+4) |
| 3 | കൃഷ്ണൻകുട്ടി,കണ്ണംപുറത്ത് ഹൗസ്, കൽക്കണ്ട് (അനുവദിച്ച കെട്ടിടനമ്പർ.VIII/531A തി. 22.11.2016) | വിനിയോഗം - വാസഗൃഹം, തറവിസ്തീർണ്ണം - 112.91 ച.മീ റോഡിന്റെ വീതി: 6മീ. | 523 (498+25) | 473 (450+23) | 50 (48+2) |

| | | | | | |
|---|---|---|---|---|---|
| | | ഇളവ്-മേഖല (10%)<br>വർദ്ധനവ്- റോഡ് (20%)<br>അടിസ്ഥാന വസ്തുനികുതി നിരക്ക് - 4 | | | |
| 4 | ശ്രീധരൻ, തെക്കിനിയേടത്ത് ഹൗസ്, കരുവാരക്കുണ്ട്.പി.ഒ<br>(അനുവദിച്ച കെട്ടിടനമ്പർ.I/49 A തി. 24.10.2016) | വിനിയോഗം - വാസഗൃഹം,<br>തറവിസ്തീർണ്ണം - 107.58ച.മീ<br>റോഡിന്റെ വീതി: 7മീ.<br>ഇളവ്- മേഖല 10%<br>വർദ്ധനവ്- റോഡ് (20%)<br>അടിസ്ഥാന വസ്തുനികുതി നിരക്ക് - 4 | 499<br>(475+24) | 408<br>(388+20) | 91<br>(87+4) |
| ആകെ | | | 2560<br>(5107+257) | 2241<br>(2133+108) | 319<br>(304+15) |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് ഡിമാന്റ് ക്രമപ്പെടുത്തേണ്ടതും നഷ്ടതുക ഈടാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.18/17.08.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 2-7 റിസോർട്ടിന് വസ്തുനികുതി ഈടാക്കിയില്ല.

ശ്രീമതി. അറക്കാപറമ്പിൽ റോസമ്മ, W/o.മാത്യു, കൽക്കുണ്ട്.പി.ഒ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടനികുതി (24.80 (B.T) + 1.20 (LC) ഡിമാന്റ് നമ്പർ.9570 ) നിർണ്ണയിക്കുകയും K.P.VI/165A എന്ന കെട്ടിട നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കേരളാംകുണ്ട് വെള്ളച്ചാട്ടത്തിനടുത്ത് മണലിയാംപാടത്ത് സ്ഥിതി ചെയ്യുന്ന ഈ കെട്ടിടം ഇപ്പോൾ ഹിൽ വാലി റിസോർട്ട് എന്ന പേരിൽ സർവ്വീസ് വില്ലയായാണ് പ്രവർത്തിക്കുന്നത്. 16.07.2017 ന് ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെ കൂടെ നടത്തിയ പ്രാദേശിക പരിശോധനയിൽ ഇക്കാര്യം ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ടൂറിസം വകുപ്പ് ഡയറക്ടറുടെ 02.08.2015 ലെ M4-3003/14 (Malappuram) നമ്പർ ഉത്തരവ് പ്രകാരം ഈ റിസോർട്ടിന് പ്രവർത്തനാനുമതിയും ലഭിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി പുതിയ കെട്ടിടനമ്പർ (KP VII/506) അനുവദിച്ചപ്പോൾ, 60 ച.മീറ്ററിൽ കുറവുള്ള വാസഗൃഹം എന്ന് കണക്കാക്കി ഈ കെട്ടിടത്തിന് വസ്തുനികുതി പൂർണ്ണമായി ഒഴിവാക്കി നൽകുകയും ചെയ്തു.

റിസോർട്ടുകളുടെ അടിസ്ഥാന വസ്തുനികുതി 80 രൂപ/ച.മീ ആയാണ് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളത്. 30 ച.മീ തറവിസ്തീർണ്ണമുള്ള ഈ കെട്ടിടത്തിന് വസ്തുനികുതി ഒഴിവാക്കി

നൽകിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | |
|---|---|
| കെട്ടിട നമ്പർ | KP VII/506 |
| തറവിസ്തീർണ്ണം | 30 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 80/ ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി ( 30 * 80) | 2400 രൂപ |
| (-) ഇളവ് - 20 % (മേഖല – തൃതീയം ) | 480 രൂപ |
| (+) വർദ്ധനവ് - ഇല്ല. | 0 |
| ഈടാക്കേണ്ട വസ്തുനികുതി | 1920 രൂപ |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (1920 * 5%) | 96 രൂപ |
| ആകെ നഷ്ടം (1920 + 96 ) | 2016 രൂപ. |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കേണ്ടതും 2015-16 സാമ്പത്തിക വർഷം മുതലുള്ള കുടിശ്ശിക തുകയായ 4032/- രൂപ (2016 * 2) രൂപ ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.19/17.08.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 2-8 <u>കെട്ടിടത്തിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.</u>

ശ്രീമതി. റോസമ്മ മാത്യു, അറക്കാപറമ്പിൽ ഹൌസ്, നിലമ്പൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് ഗ്രൂപ്പ് F (കച്ചവട (വാണിജ്യ) കെട്ടിടം) വിനിയോഗത്തിൽ ഉൾപ്പെടുത്തി 30.12.2016 ന് വസ്തുനികുതി ചുമത്തി KPVII/504 A എന്ന കെട്ടിടനമ്പർ അനുവദിച്ചിട്ടുണ്ട്. കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിലെ മണലിയാംപാടത്ത് ഒലിപ്പുഴയുടെ ഉത്ഭവസ്ഥാനത്തിനടുത്ത് സ്ഥിതി ചെയ്യുന്ന ഈ കെട്ടിടം മിനറൽ വാട്ടർ പ്ലാന്റിനുള്ളതാണെന്ന് കാണിച്ച് ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുള്ള പരാതിയും , പത്രക്കുറിപ്പുകളും ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് 16.08.2017 ന് ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെ കൂടെ പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. നിലവിൽ ഈ കെട്ടിടത്തിൽ യാതൊരു പ്രവർത്തനങ്ങളും നടക്കുന്നില്ല. അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ച് കൊണ്ട് വിനിയോഗത്തിൽ മാറ്റം വരുത്തുന്നുണ്ടോ എന്ന് തുടർനിരീക്ഷണം നടത്തേണ്ടതും, വിനിയോഗത്തിൽ മാറ്റം വരുത്തുന്നുണ്ടെങ്കിൽ അപ്രകാരമുള്ള മാറ്റം നിയമാനുസൃതമാണ് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.20/17.08.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 2-9 <u>ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ online transaction വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി zero balance account തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യേണ്ടത്. ആയത് പ്രകാരം, കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് എത്ര രൂപയാണെന്നും അതിൽ എത്ര രൂപ ലഭ്യമായിട്ടുണ്ട് എന്ന വിവരവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് എൻക്വയറി (നമ്പർ.3/10-08-2017) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേലാവശ്യപ്പെട്ട വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സാനിറ്റേഷൻ ചെലവ്- വിനിയോഗ വിവരം ലഭ്യമല്ല.

മഴക്കാല പൂർവ ശുദ്ധീകരണത്തിനായി പഞ്ചായത്ത് സെക്രട്ടറി വൗച്ചർ 214/29.06.2016 പ്രകാരം 2,10,000 രൂപ വാർഡ് വികസന സമിതികളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഭരണ സമിതിയുടെ 11(13)/10.06.2016 തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറുന്നത്. ഓരോ വാർഡിലും കൂത്താടി നശീകരണം, പൊതു സ്ഥലങ്ങൾ ശുചീകരണം, പുകയ്ക്കൽ എന്നിവയാണ് നിർവഹിക്കുന്നത് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വാർഡ് വികസന സമിതികൾ ഈ തുക എപ്രകാരം വിനിയോഗിച്ചു എന്നത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

ശുചീകരണ പ്രവർത്തി സമയബന്ധിതമായ രീതിയിൽ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വാർഡ് മെമ്പർമാർ റിപ്പോർട്ട് ചെയ്തതായും കാണുന്നില്ല.

വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. അപാകത ഓഡിറ്റ് എൻക്വയറി മുഖേന ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 3-2 ഡെപ്പോസിറ്റ് പ്രവർത്തി - പൂർത്തീകരണ വിവരം ഇല്ല.

സെക്രട്ടറി നിർവഹണം നടത്തിയ 154/2017 പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിനായി താഴെ കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. 3,55,000 രൂപ പ്ലാൻ ഫണ്ടിൽ നിന്നും 48,585 രൂപ റോഡിതര ഫണ്ടിൽ നിന്നുമാണ് ചെലവഴിക്കുന്നത്. തുക കരുവാരക്കുണ്ട് KSEB ഓഫീസിൽ നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്.

| വൌച്ചർ നമ്പർ | തുക |
|---|---|
| 884/28.02.2017 | 12710 |
| 887/28.02.2017 | 25105 |
| 1152/31.03.2017 | 355000 |
| 1230/3.03.2017 | 10771 |
| | 403586 |

പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-3 ചെലവുകൾക്ക് വ്യക്തമായ അനുബന്ധ രേഖകൾ ഇല്ല.

സെക്രട്ടറിയുടെ താഴെ കൊടുത്ത വൗച്ചറുകളിലായി ചെലവഴിച്ച തുക, അതാതിന് നേരേ കാണിച്ച കാരണങ്ങളാൽ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

| വൗച്ചർ | തുക | ചെലവിനം | അപാകത |
|---|---|---|---|
| 885/28.02.2017 | 200000 | 40/2017- കിഡ്നി പേഷ്യന്റ്സ് വെൽഫയർ സൊസൈറ്റിക്ക് ധനസഹായം | രസീത് ഇല്ല |
| 1107/28.03.2017 | 96000 | പത്താം തരം തുല്യത-പഞ്ചായത്ത് വിഹിതം അടവാക്കിയത് | രസീത് ഇല്ല |
| 886/28.02.2017 | 42820 | അംഗനവാടി വൈദ്യുതീകരണം | പൂർത്തീകരണ |

| | | | |
|---|---|---|---|
| | | | വിവരം ഇല്ല |
| 911/01.03.2017 | 15000 | ഫെസ്റ്റിവെൽ അഡ്വാൻസ് തിരിച്ചടവ് | രസീത് ഇല്ല |
| 919/01.03.2017 | 110000 | സോഷ്യൽ സെക്യൂരിറ്റി മിഷൻ -പഞ്ചായത്ത് വിഹിതം | രസീത് ഇല്ല |
| 1015/16.03.2017 | 780000 | ഭവന നിർമാണം-പഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിന് നൽകിയത് | രസീത് ഇല്ല. വിനിയോഗ വിവരം ഇല്ല |
| 918/01.03.2017 | 80700 | IKM ഷെയർ നൽകുന്നത് | രസീത് ഇല്ല |
| | 1324520 | | |

അനുബന്ധ രേഖകളുടെ അഭാവം ഓഡിറ്റ് എൻക്വയറി മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 3-4 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ.

തെരുവ് വിളക്കുകൾ പുതുതായി സ്ഥാപിക്കുന്നതിനാണ് 219/2017 പ്രോജക്ട്. ലോക ബാങ്ക് ധനസഹായ തുകയിൽ നിന്ന് പത്ത് ലക്ഷം വകയിരുത്തിയ പ്രോജക്ടിന് വൌച്ചർ 1151/31.03.2017 പ്രകാരം 9,98,899 രൂപ ചെലവുണ്ട്. പഞ്ചായത്തിന്റെ പരിധിയിലെ വിവിധ സ്ഥലങ്ങളിൽ പുതുതായി 781 വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് സെക്രട്ടറിയാണ് നിർവഹണം നടത്തുന്നത്. 2x11 വാട്ട്സിന്റെ ഓട്ടോമാറ്റിക്ക് സി.എഫ്.എൽ ആണ് സ്ഥാപിക്കുന്നത്. ഇ-ടെണ്ടർ മുഖേനയാണ് പ്രോജക്ട് നിർവഹണം നടത്തുന്നത്. ഇൻഡക്സ് ഇലക്ട്രോണിക്സ് പാണ്ടിക്കാട് എന്ന സ്ഥാപനമാണ് ഒരു വിളക്കിന് 1,279 രൂപ നിരക്കിൽ പ്രവർത്തി ഏറ്റെടുക്കുന്നത്.

പ്രവൃത്തി പൂർത്തിയാക്കിയ വിവരം പ്രസ്തുത സ്ഥാപനം പഞ്ചായത്ത് അധികാരികളെ അറിയിച്ചിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. അതേസമയം പഞ്ചായത്തിന്റെ തെരുവ് വിളക്ക് വൈദ്യുതി ചാർജിൽ വൻ വർദ്ധനവും വരുന്നുണ്ട്. സ്ഥാപനം ഇൻസ്റ്റൾ ചെയ്ത തെരുവ് വിളക്കുകൾ നിലവാരമുള്ളതാണോ എന്നും, കരാർ വ്യവസ്ഥകൾ പ്രസ്തുത സ്ഥാപനം പാലിക്കുന്നുണ്ടോ എന്നും വ്യക്തമാക്കേണ്ടതാണ്. പ്രോജക്ട് നിർവഹണത്തിന്റെ പ്രായോഗികമായ ഫലപ്രാപ്തി ഭരണ സമിതി എപ്രകാരമാണ് വിലയിരുത്തിയത് എന്നും വ്യക്തമാക്കേണ്ടതാണ്.

## 3-5 സെക്രട്ടറിയുടെ പ്രോജക്ടുകൾ - ഒരു അവലോകനം.

ഓഡിറ്റ് വർഷം സെക്രട്ടറി ഇരുപത്തിയൊന്ന് പ്രോജക്ടുകളാണ് ഏറ്റെടുക്കുന്നത്. ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 63,26,632 രൂപയാണ്. ചെലവഴിച്ചത് 30,85,833 രൂപയാണ്. അതായത് 48.78 ശതമാനം മാത്രം. ഏറ്റെടുത്ത പ്രോജക്ടുകളിൽ ഒൻപത് എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു. സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് പഞ്ചായത്തിന്റ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്. 32.4 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ടുകൾ നിർവഹിക്കാൻ സെക്രട്ടറിക്കായില്ല എന്ന് കാണുന്നു. ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകൾ അടുത്ത വർഷത്തേക്ക് സ്പിൽ ഓവറായി ഉൾപെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. പ്രോജക്ടുകൾ നിർവഹിക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്.

വ്യാപകമായ തോതിൽ പ്രോജക്ടുകൾ ഒഴിവാക്കപെടുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ

പെടുത്തുന്നു.

## 3-6 സ്കൂളുകൾക്ക് വെയ്സ്റ്റ് ബിൻ- ടെണ്ടറിൽ വെട്ടിതിരുത്തലുകൾ.

ഗ്രാമ പഞ്ചായത്തിലെ സ്കൂളുകൾക്ക് വെയ്സ്റ്റ് ബിൻ വാങ്ങി വിതരണം ചെയ്യുന്നതിനുള്ളതാണ് ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ 264/17 പ്രോജക്റ്റ്. 4.4 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്റ്റിന് 4,37,397 രൂപ പദ്ധതി വിഹിതത്തിൽ നിന്ന് ചെലവുണ്ട്. ബിൽ 04/28.03 2017 പ്രകാരം പിൻവലിച്ച തുക സപ്ളെയർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രോജക്റ്റ് പ്രകാരം 110 ബിന്നുകളാണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. പ്രോജക്റ്റ് ഫയൽ പരിശോധിച്ച് താഴെ കൊടുത്ത കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1).ടെണ്ടർ നടപടികൾ സ്വീകരിച്ചാണ് ബിൻ വാങ്ങുന്നത്. യങ്ങ് എൻഡർപ്രൈസ് പാണ്ടിക്കാട് എന്ന സ്ഥാപനത്തിനാണ് സപ്ലൈ ഓർഡർ നൽകിയിട്ടുള്ളത്. ഈ സ്ഥാപനം ഹാജരാക്കിയ ടെണ്ടറിൽ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ളത് 3900 രൂപയാണ്. എന്നാൽ ഇത് തിരുത്തി 3980 രൂപ എന്നാക്കിയതായി കാണുന്നു. ഈ തിരുത്ത് സാക്ഷ്യപെടുത്തിയിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

2).ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ വിവരവും അവർ രേഖപ്പെടുത്തിയ നിരക്കും ഉൾപെടുത്തി തയ്യാറാക്കിയ വില താരതമ്യ പത്രിക നിർവഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുകയോ ഭരണ സമിതിക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന് കാണുന്നു. ഈ സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിച്ചതായി കാണിക്കുന്ന പഞ്ചായത്ത് തീരുമാനത്തിന്റെ വിവരവും ഫയലിൽ ഉൾപെടുത്തിയിട്ടില്ല.

3).ടെണ്ടർ നിരക്കിൽ അനധികൃതമായ തിരുത്തൽ വരുത്തിയതിന്റെ ഫലമായി 8,800 രൂപ അധിക ചെലവ് വരുത്തിയതായി ശ്രദ്ധയിൽ പെടുത്തുന്നു. തുക നിർവഹണ ഉദ്യാഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നു.

## 3-7 സൈക്കിൾ വിതരണം - സർക്കാർ നിർദേശം പാലിച്ചില്ല.

എസ്.സി വിദ്യാർത്ഥികൾക്ക് സെക്കിൾ വിതരണം ചെയ്യുന്നതിനുള്ളതാണ് 241/17 പ്രോജക്റ്റ്. 3.24 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്റ്റിന് 275415 രൂപ ചെലവുണ്ട്. പ്രോജക്റ്റ് നിർവഹണത്തിനായി ഹെഡ് മാസ്റ്റർ ബിൽ നം.08/30.03.2017 പ്രകാരം 225077 രുപ വികസന ഫണ്ടിൽ നിന്നും, തനത് ഫണ്ടിൽ നിന്ന് 50338 രൂപയും പിൻവലിക്കുന്നുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രിയ സൈക്കിൾസ് നിലമ്പൂർ എന്ന് സ്ഥാപനത്തിൽ നിന്നാണ് സൈക്കിൾ വാങ്ങുന്നത്. ഇപ്രകാരം 69 വിദ്യാർഥികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

GO(MS) 04/2016 Lsgd Dtd 11.01.2016 സബ്സിഡി മാർഗരേഖ 6.5 പ്രകാരം നിർദേശിച്ച മാനദണ്ഡങ്ങൾ പൂർണമായി പാലിച്ചില്ല എന്ന് കാണുന്നു. ഗുണഭോക്താക്കൾക്ക് പട്ടിക ജാതി വകുപ്പിൽ നിന്ന് ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കുന്ന യാതൊരു രേഖയും ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

വ്യക്തമായ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 2,75,415 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.അപാകത ഓഡിറ്റ് എൻക്വയറി മുഖേന നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 3-8 ബുദ്ധിമാന്ദ്യംഉള്ള കുട്ടികളുടെ എണ്ണം കൂടിവരുന്നു- കാരണങ്ങൾ പരിശോധനാ വിധേയമാക്കേണ്ടതാണ്.

പഞ്ചായത്തിലെ 37/2017 പ്രോജക്റ്റിന്റെ ഭാഗമായി ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ICDS സൂപ്പർ വൈസർ മുഖേന 13,37,950 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 10,82,000 രൂപ തനത് ഫണ്ടും, 2,55,950 രൂപ ബ്ലോക്ക് വിഹിതവുമാണ്. 115 ഗുണഭോക്താക്കൾക്ക് നൽകുന്നതിനാണ് ഈ തുക വിനിയോഗിച്ചിട്ടുള്ളത്.

ഫയൽ പരിശോധനയിൽ 93 ഗുണഭോക്താക്കളും മെന്റലി റിട്ടാർഡഡ് ആണ് എന്ന് വ്യക്തമാവുന്നു. ഇവരിൽ ചെറിയ അളവിൽ മാത്രം വൈകല്യം ഉള്ളവരാണ് അധികവും. ഇവർ പൊതു വിദ്യാലയങ്ങളിൽ മറ്റ്

വിദ്യാർത്ഥികളോടോപ്പം സഹവസിക്കുന്നവരാണ് എന്നും വ്യക്തമാവുന്നു.

മലയോര പഞ്ചായത്തായ കരുവാരകുണ്ടിൽ സ്വതന്ത്രമായ അന്തരീക്ഷവും, ശുദ്ധമായ വായുവും, സ്വാഭാവികമായ വെള്ളവും ലഭ്യമാവുന്ന, പ്രകൃതിയുടെ സ്വാഭാവികമായ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുന്ന മനുഷ്യന്റെ ബുദ്ധിശൂന്യമായ കയ്യേറ്റങ്ങൾ, മലിനീകരണം എന്നിവയും താരതമ്യേന കുറവാണ്. എന്നിട്ടും ഭിന്ന ശേഷിയുള്ള കുട്ടികൾ കൂടിവരുന്നതിന്റെ കാരണങ്ങൾ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽ ഈ പ്രശ്നം കൊണ്ട് വരികയും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-9 വാഹന വാടക അനുവദിച്ചത്- രേഖകൾ പൂർണമല്ല.

പഞ്ചായത്തിലെ ബഡ്സ് സ്കൂളിലേക്ക് കുട്ടികളെ എത്തിക്കുന്നതിന് എന്ന് രേഖപ്പെടുത്തി പ്രോജക്ട് 51/2017 പ്രോജക്ടിന്റെ ഭാഗമായി ICDS സൂപ്പർ വൈസർ മുഖേന തനത് ഫണ്ടിൽ നിന്ന് 15,660 രൂപ ചെലവഴിക്കുന്നുണ്ട്. മാർച്ച് മാസത്തിൽ പതിനാല് ദിവസം വാഹനം ഓടിയതിനാണ് തുക അനുവദിക്കുന്നത് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യൂസുഫ് എന്ന വ്യക്തിക്കാണ് തുക നൽകിയിട്ടുള്ളത്.

വാഹനത്തിന്റെ വിവരങ്ങൾ ഉൾപ്പെടുന്ന രേഖകൾ, തുക നൽകുന്നതിന് അടിസ്ഥാനമായ ക്വട്ടേഷൻ, ഭരണസമിതിയുടെ തീരുമാനം എന്നിവയൊന്നും ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. ഈ രേഖകളുടെ അഭാവത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.അപാകത ഓഡിറ്റ് എൻക്വയറി മുഖേന ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 3-10 രണ്ട് ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തിയായില്ല.

കാരുണ്യ ഭവന പദ്ധതി എന്ന പേരിൽ 2014-15 വർഷം ആരംഭിച്ച ഭവന പദ്ധതിയിൽ നൂറ് ഗുണഭോക്താക്കൾക്ക് ഒന്നര ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടത്. മുൻ വർഷങ്ങളിൽ പ്രവർത്തി ആരംഭിക്കുകയും സ്പിൽ ഓവറായി 46/2017 പ്രോജക്ടിന്റെ ഭാഗമായി തുടർ പ്രവർത്തികൾ പൂർത്തിയാക്കുകയും ചെയ്തു. പ്രോജക്ടിന്റെ ഭാഗമായി നൂറ് ഗുണഭോക്താക്കൾ കരാർവെക്കുകയും ഇതിൽ തൊണ്ണൂറ്റി എട്ട് ഗുണഭോക്താക്കൾ ഭവന നിർമാണ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇന്ദിര, w/o മണി (വാർഡ് പത്ത്), ശാഹിന W/o മുജീബ് റഹ്മാൻ (വാർഡ് ഒന്ന്) എന്നിവ്വ രണ്ട് ഗഡു ധനസഹായ തുകയായ 1,05,000 രൂപ മാത്രം വാങ്ങിയതായിട്ടാണ് ഫയലിലും രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടുള്ളത്. ഈ രണ്ട് ഗുണഭോക്താക്കളുടെ ഭവന നിർമാണ പ്രവർത്തി ഇനിയും പൂർത്തിയായിട്ടില്ല എന്നത് ശ്രദ്ധയിൽ പെടുത്തുന്നു. ഭനവ നിർമ്മാണം പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തിയാക്കാത്തപക്ഷം ചെലവു തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-11 ഫലവൃക്ഷ തൈവിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | 133/17 | |
| വിനിയോഗിച്ച തുക | 4,20,000/- രൂപ | |
| ബിൽ നമ്പർ / തിയ്യതി | 03/16-17 / 28.03.2017 | 3,15,000/- രൂപ. |
| ചെക്ക് നമ്പർ / തിയ്യതി | 1589177 / 27.03.2017 | 1,05,000/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ, കരുവാരക്കുണ്ട് | |

ഗ്രാമപഞ്ചായത്തിലെ 441 ഗുണഭോക്താക്കൾക്ക് ഫലവൃക്ഷ തൈവിതരണത്തിന് വേണ്ടിയുള്ള ഈ പ്രൊജക്ടിന് ആവശ്യമായ തൈകൾ അയ്യപ്പ അഗ്രിക്കൾച്ചറൽ ഫാം, മണ്ണുത്തി, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുകയും ആയതിന്റെ വിലയായി 4,20,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഫലവൃക്ഷ തൈ വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ

ക്വട്ടേഷൻ സമർപ്പിച്ചു.

| ക്രമനമ്പർ | ഇനം | പെരുമാട്ടി അഗ്രി.സർവ്വീസ് സെന്റർ | അയ്യപ്പ അഗ്രി.ഫാം, മണ്ണുത്തി | അശ്വിൻ റോസ് ഗാർഡൺ |
|---|---|---|---|---|
| 1 | Rambuttan | 250 | 230 | 235 |
| 2 | Custard Apple | 90 | --- | --- |
| 3 | Sappotta | 90 | 120 | 125 |
| 4 | Guava | 80 | 90 | 95 |
| 5 | Jack fruit | 120 | 180 | 180 |
| 6 | Acid Lime | 70 | 80 | 85 |
| ആകെ | | 700 | 700 | 720 |

ക്രമനമ്പർ 1 ഒഴികെയുള്ള എല്ലാ ഇനങ്ങൾക്കും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത് പെരുമാട്ടി അഗ്രി.സർവ്വീസ് സെന്റർ എന്ന സ്ഥാപനമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 04.03.2017 ലെ 21/1 നമ്പർ തീരുമാനത്തിൽ, കൃഷി ഓഫീസർ ക്ഷണിച്ച ക്വട്ടേഷൻ പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സർക്കാർ അംഗീകൃത ഫാമായ അയ്യപ്പ അഗ്രി. ഫാം, മണ്ണുത്തി, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിന് അനുമതി നൽകി തീരുമാനിച്ചു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ക്രമനമ്പർ 2 ഒഴികെയുള്ള 5 ഇനം തൈകൾ ഉൾപ്പെട്ടിട്ടുള്ള 600 യൂണിറ്റുകളാണ് കൃഷകർക്ക് വിതരണം ചെയ്തിട്ടുള്ളത്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത പെരുമാട്ടി അഗ്രി.ഫാമിൽ ആറ് ഇനം തൈകൾക്ക് 700/- രൂപ എന്നുള്ളത് അയ്യപ്പ അഗ്രി.ഫാമിൽ 5 ഇനം തൈകൾക്ക് 700/- രൂപ വില വരുന്നു. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കിയതിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല. ഇപ്രകാരം തൈ വിതരണം നടത്തിയതിലൂടെ ഒരു യൂണിറ്റിന് 90 രൂപ നിരക്കിൽ 600 കർഷകർക്ക് 54000/- രൂപ അധിക ചെലവ് വന്നിട്ടുണ്ട്. ഈ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരിച്ചടക്കേണ്ടതാണ്.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാനുവൽ പ്രകാരം, രണ്ട് ലക്ഷത്തിന് മുകളിൽ എസ്റ്റിമേറ്റ് വരുന്ന വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ആവശ്യമാണ്. ടെണ്ടർ ക്ഷണിക്കുന്നതിന് പകരം മതിയായ പരസ്യം പോലും ചെയ്യാതെ ക്വട്ടേഷൻ വാങ്ങുകയും, ക്വട്ടേഷനിൽ കുറഞ്ഞ വില കാണിച്ച സ്ഥാപനത്തെ ഒഴിവാക്കി കൂടുതൽ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്നും തൈകൾ വാങ്ങിയത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ടെണ്ടർ നടപടികൾ സ്വീകരിക്കാത്തത് മൂലം, ടെണ്ടർ ഫോറം വിലയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വരുമാനവും, വാറ്റ് ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട തുകയും നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. നിരാകരിച്ച തുകയായ 54,000/- രൂപ കഴിഞ്ഞുള്ള ചെലവ് തുകയായ 3,66,000/- രൂപ തടസ്സം ചെയ്യുന്നു.

(അപാകതകൾ ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ.12/14.08.2017) മുഖേന അറിയിച്ചിട്ടുണ്ട്.)

## 3-12 രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ.

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (CHC)

മേൽ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി വാഹനവാടകയിനത്തിൽ 96,000 രൂപ (തനത് ഫണ്ട്) ചെലവഴിച്ചിട്ടുണ്ട്. (ദിവസം 800 രൂപ നിരക്കിൽ)

| ചെക്ക് നംപർ/തീയതി | തുക | കാലയളവ് |
|---|---|---|

| | | |
|---|---|---|
| 15890158/21-10-16 | 50400 | 5-4-16 to 27-9-16 |
| 1589161/26-12-12 | 15200 | 7-10-16 to 24-12-16 |
| 1531421/31-3-17 | 30400 | 6-1-17 to 27-3-17 |

പദ്ധതി നടത്തിയത് പരിശോധിക്കുന്നതിന്നായി ഗ്രാമപഞ്ചായത്ത് പരിധിയിലെ താഴെ പറയുന്ന മുഴുവൻ സബ്സെന്ററുകളുടെയും ഇമ്മ്യൂണൈസേഷൻ രജിസ്റ്ററുകൾ പരിശോധിച്ചു.

1).പുൽവെട്ട

2).അരിമണൽ

3).പാന്ത്ര

4).കരുവാരകുണ്ട്

5).തരിശ്

6).പുത്തനഴി

മേൽ സബ്സെന്ററുകളുടെ ഇമ്മ്യൂണൈസേഷൻ രജിസ്റ്ററുകളിൽ ഉൾപെട്ടിട്ടില്ലാത്ത ദിവസങ്ങളിൽ വാഹനവാടക നൽകിയതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ7/11-08-2017നംപർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി താഴെ പറയുന്ന കാരണങ്ങളാൽ അംഗീകരിക്കാൻ കഴിയില്ല.

1) D&O Trade പരിശോധന നടത്തുന്നതിനായി ഹെൽത്ത് ഇൻസ്പെക്ടർ താഴെ പറയുന്ന ദിവസങ്ങളിൽ വാഹനമുപയോഗിച്ചതിന് തുകനൽകി.

5-4-16, 18-4-16, 18-5-16, 23-5-16, 31-5-16, 15-7-16, 22-7-16, 29-8-16, 1-9-16, 26-11-16, 29-11-16, 6-1-16, 16-1-17, 18-1-17, 23-1-17, 24-1-17, 4-2-17, 8-2-17, 6-3-17, 13-3-17, 27-3-17. ആകെ 21 ദിവസം.

ആകെ ചെലവ് 21*800 =16,800 രൂപ.

D&O Trade പരിശോധന നടത്തുന്നത് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഡ്യൂട്ടിയുടെ ഭാഗമായതിനാൽ ആയതിന് സ്പെഷ്യൽ കൺവേയൻസ് ഉപയോഗിച്ചതിന് തുക ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവ് തുക 16,800 രൂപ തിരിച്ചടക്കേണ്ടതാണ്.

2)രോഗപ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി പ്ളാന്റേഷൻ സന്ദർശനം, ST കോളനി സന്ദർശനം, രോഗീസംഗമം തുടങ്ങിയവക്കായി 26 ദിവസങ്ങളിൽ യാത്ര നടത്തിയതിന് 20,800 രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ആധികാരികത തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നത് വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-13 മരുന്ന് ലഭ്യമായിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (CHC)

ട്രഷറിബിൽ നമ്പർ 3/16-17/25-02-2017 പ്രകാരം 2,00,000 രൂപ പിൻവലിച്ച് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് നാളിതുവരെയായിട്ടും ലഭ്യമായിട്ടില്ല. കൂടാതെ DMO യുടെ NAC യും ഹാജരാക്കിയിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ രേഖ, NAC എന്നിവ ലഭ്യമാക്കേണ്ടതാണ്. NAC യും മരുന്ന് ലഭ്യമായാൽ അക്കാര്യവും അറിയിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 6/07-08-2017 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-14 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (ഹോമിയോ)

ട്രഷറിബിൽ നമ്പർ 1/16-17/14-03-2017 പ്രകാരം 1,00,000 രൂപ പിൻവലിച്ച് മരുന്ന് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി (ആലപ്പുഴ) ക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് നാളിഉവരെയായിട്ടും ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-15 എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിലുൾപ്പെടുത്തി കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകി; നഷ്ടം 34,035 രൂപ.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

താഴെപറയുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിയമപരമായ സർവ്വീസ് ടാക്സ് ഉൾപ്പെടുത്തി തയ്യാറാക്കി അംഗീകാരം വാങ്ങിയതാണ്. എന്നാൽ കൺവീനർക്ക് സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്തി കുറവ് ചെയ്യാതെ തുക നൽകിയതിനാൽ താഴെ പറയും പ്രകാരം 34,035 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പദ്ധതിയുടെ വിശദാംശം. | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | കൊയ്ത്തുക്കുണ്ട് സ്കൂൾ റിപ്പയർ 83/17<br>AS/TS തുക: 100000രൂപ<br>കൺവീനർ: ലാലി ജോർജ്<br>കരാർ: 83/16-17/3-1-17<br>സർവ്വീസ് ടാക്സ്: 9156.29 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം: 91,566<br>(-) നികുതി: 7325<br>കൺവീനർക്ക്: 84241<br>(ട്രഷറി ബിൽ നമ്പർ. 98/16-17/31-03-2017: 91566 രൂപ) | മൂല്യനിർണ്ണയം: 91,566<br>(+) S.Tax10.5%: 9614<br>ആകെ: 101180<br>Ltd to AS: 100000<br>(-)S Tax: 9614<br>(-) നികുതി: 7325<br>കൺവീനർക്ക്: 83061 | 1180 രൂപ |
| 2 | മഞ്ഞൾപാറ ബദൽ സ്കൂൾ പൂർത്തിയാക്കൽ 269/17<br>AS/TS തുക: 150000രൂപ<br>കൺവീനർ: ഷൗക്കത്ത് പി<br>കരാർ: 149/16-17/6-3-17<br>സർവ്വീസ് ടാക്സ്: 8455.47 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം:145579<br>(-) നികുതി: 11647<br>കൺവീനർക്ക്:133932<br>(ട്രഷറി ബിൽ നംപർ. 100/16-17/31-3-17: 145579 രൂപ) | മൂല്യനിർണ്ണയം: 145579<br>(+)S.Tax.6%: 8735<br>ആകെ: 154314<br>Ltd to AS: 150000<br>(-)S Tax: 8735<br>(-) നികുതി: 11647<br>കൺവീനർക്ക്: 129618 | 4314രൂപ |
| 3 | മഞ്ഞൾപാറ ബദൽ സ്കൂൾ പൂർത്തീകരണം 222/17 | മൂല്യനിർണ്ണയം:474549 | മൂല്യനിർണ്ണയം: 474549 | 8021രൂപ |

| | | | | |
|---|---|---|---|---|
| | AS/TS തുക: 495000രൂപ<br>കൺവീനർ: ഷൗക്കത്ത് പി<br>കരാർ: 102/16-17/17-2-17<br>സർവ്വീസ് ടാക്സ്: 27752.51 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | (-) നികുതി: 37963<br>കൺവീനർക്ക്:436585<br>(ട്രഷറി ബിൽ നംപർ. 101/16-17/31-3-17: 474549 രൂപ) | (+)S.Tax.6%: 28473<br>ആകെ: 503022<br>Ltd to AS: 495000<br>(-)S Tax: 28473<br>(-) നികുതി: 37963<br>കൺവീനർക്ക്: 428564 | |
| 4 | GLPS പുന്നക്കാട് റിപ്പയർ 75/17<br>AS/TS തുക: 200000രൂപ<br>കൺവീനർ: മാലിനി എം പി<br>കരാർ: 89/16-17/4-1-17<br>സർവ്വീസ് ടാക്സ്: 18717.19 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം:186394<br>(-) നികുതി: 14912<br>കൺവീനർക്ക്:171482<br>(ട്രഷറി ബിൽ നംപർ. 103/16-17/31-3-17: 186394 രൂപ) | മൂല്യനിർണ്ണയം: 186394<br>(+)S.Tax.10.5%:19571<br>ആകെ: 205965<br>Ltd to AS: 200000<br>(-)S Tax: 19571<br>(-) നികുതി: 14912<br>കൺവീനർക്ക്: 165517 | 5965രൂപ |
| 5 | ചൂരക്കുന്ന് Scകോളനി മണ്ണ് സംരക്ഷണം 196/16-17<br>AS/TS തുക: 175000രൂപ<br>കൺവീനർ: സുരേഷ് ബാബു<br>കരാർ: 93/16-17/19-1-17<br>സർവ്വീസ് ടാക്സ്: 9851.14 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം:166751<br>(-) നികുതി: 13341<br>കൺവീനർക്ക്:153410<br>(ട്രഷറി ബിൽ നംപർ. 105/16-17/31-3-17: 186394 രൂപ) | മൂല്യനിർണ്ണയം: 166751<br>(+)S.Tax.6%: 10005<br>ആകെ: 176756<br>Ltd to AS: 175000<br>(-)S Tax: 10005<br>(-) നികുതി: 13341<br>കൺവീനർക്ക്: 151654 | 1756 രൂപ |
| 6 | GLPS പുൽവെട്ട ഡൈനിംഗ് ഹാൾ പൂർത്തീകരണം 66/16-17<br>AS/TS തുക: 400000രൂപ<br>കൺവീനർ: ബി ബൈജു<br>കരാർ: 91/16-17/4-1-17<br>സർവ്വീസ് ടാക്സ്: 22510.72 രൂപ<br>(എസ്റ്റിമേറ്റിൽ | മൂല്യനിർണ്ണയം:379451<br>(-) നികുതി: 30357<br>കൺവീനർക്ക്:349094<br>(ട്രഷറി ബിൽ നംപർ. 115/16-17/31-3-17: 379651രൂപ) | മൂല്യനിർണ്ണയം: 379651<br>(+)S.Tax.6%: 22779<br>ആകെ: 402430<br>Ltd to AS: 400000<br>(-)S Tax: 22779<br>(-) നികുതി: 30372<br>കൺവീനർക്ക്: 346849<br>കുറിപ്പ്:AE മൂല്യനിർണ്ണയം | 2245രൂപ |

| | | | | |
|---|---|---|---|---|
| | ഉൾപ്പെടുത്തിയത്) | | നടത്തിയത് 379451 രൂപയാണെങ്കിലും AEE ആയത് 379651 രൂപയായി പുനർനിർണ്ണയിച്ചു.ആയത് പരിഗണിക്കാതെയാണ് AE തുക നൽകിയത്. | |
| 7 | GUPS പഴയകടക്കൽ അധികസൗകര്യം 226/16-17<br>AS/TS തുക: 300000രൂപ<br>കൺവീനർ: ജെയിംസ് കെ കെ<br>കരാർ: 136/16-17/6-3-17<br>സർവ്വീസ് ടാക്സ്: 28328.81 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം:280778<br>(-) നികുതി: 22463<br>കൺവീനർക്ക്:258313<br>(ട്രഷറി ബിൽ നംപർ. 117/16-17/31-3-17: 379651രൂപ) | മൂല്യനിർണ്ണയം: 280778<br>(+)S.Tax.6%: 29482<br>ആകെ: 310260<br>Ltd to AS: 300000<br>(-)S Tax: 29482<br>(-) നികുതി: 22463<br>കൺവീനർക്ക്: 248055 | 10258 രൂപ |
| 8 | വീട്ടിക്കുന്ന് ചോലക്കൽ റോഡ് 234/16-17<br>AS/TS തുക: 150000രൂപ<br>കൺവീനർ: ശ്യാം പ്രസാദ്<br>കരാർ: 126/16-17/22-2-17<br>സർവ്വീസ് ടാക്സ്: 8490.17 രൂപ<br>(റോഡ് പ്രവൃത്തിക്ക് സർവ്വീസ് ടാക്സ് ഉൾപ്പെടുത്തേണ്ടതില്ലെങ്കിലും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം:144305<br>(-) നികുതി: 11544<br>കൺവീനർക്ക്:132761<br>(ട്രഷറി ബിൽ നംപർ. 122/16-17/31-3-17: 379651രൂപ) | മൂല്യനിർണ്ണയം: 144305<br>(+)S.Tax.6%: 8658<br>ആകെ: 156963<br>Ltd to AS: 150000<br>(-)S Tax: 8658<br>(-) നികുതി: 11544<br>കൺവീനർക്ക്: 129798 | 2963രൂപ |
| | | | ആകെ | 34035 രൂപ. |

സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്താത്തത് വഴി കൺവീനർക്ക് അധികം നൽകിയ 34,035 തുക ഈടാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 13/16-08-2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 34,035 രൂപയുടെ ചെലവ് ഓഡിറ്റിൽ അനുവദിക്കുന്നില്ല. ആയതിനാൽ മേൽ തുക അതാത് കൺവീനർമാരിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-16 എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിലുൾപ്പെടുത്തി കുറവ് ചെയ്യുകയോ കൺവീനർമാർ സർക്കാറിലേക്കടവാക്കുകയോ ചെയ്തിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

താഴെപറയുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിയമപരമായ സർവ്വീസ് ടാക്സ് ഉൾപ്പെടുത്തി തയ്യാറാക്കി അംഗീകാരം വാങ്ങിയതാണ്. എന്നാൽ കൺവീനർക്ക് സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്തിയ തുക നൽകാത്തതിനാൽ കൺവീനർ സർവ്വീസ് ടാക്സ് അടവാക്കിയിട്ടില്ല.

വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പദ്ധതിയുടെ വിശദാംശം | കൺവീനർക്ക് നൽകിയ തുക | സർവ്വീസ് ടാക്സ് (6% OR 10.5%) |
|---|---|---|---|
| 1 | കൊയ്ത്തുക്കുണ്ട് സ്കൂൾ റിപ്പയർ 83/17<br>AS/TS തുക: 100000രൂപ<br>കൺവീനർ: ലാലി ജോർജ്<br>കരാർ: 83/16-17/3-1-17<br>സർവ്വീസ് ടാക്സ്: 9156.29 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം: 91566<br>(-) നികുതി: 7325<br>കൺവീനർക്ക്: 84241<br>(ട്രഷറി ബിൽ നംപർ. 98/16-17 /31-3-17: 91566 രൂപ) | 10.5%: 9614 |
| 2 | മഞ്ഞൾപാറ ബദൽ സ്കൂൾ പൂർത്തിയാക്കൽ 269/17<br>AS/TS തുക: 150000രൂപ<br>കൺവീനർ: ഷൗക്കത്ത് പി<br>കരാർ: 149/16-17/6-3-17<br>സർവ്വീസ് ടാക്സ്: 8455.47 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം:145579<br>(-) നികുതി: 11647<br>കൺവീനർക്ക്:133932<br>(ട്രഷറി ബിൽ നംപർ. 100/16-17 /31-3-17: 145579 രൂപ) | 6%: 8735 |
| 3 | മഞ്ഞൾപാറ ബദൽ സ്കൂൾ പൂർത്തീകരണം 222/17<br>AS/TS തുക: 495000രൂപ<br>കൺവീനർ: ഷൗക്കത്ത് പി<br>കരാർ: 102/16-17/17-2-17<br>സർവ്വീസ് ടാക്സ്: 27752.51 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം:474549<br>(-) നികുതി: 37963<br>കൺവീനർക്ക്:436585<br>(ട്രഷറി ബിൽ നംപർ. 101/16-17 /31-3-17: 474549 രൂപ) | 6%: 28473 |

| | | | |
|---|---|---|---|
| 4 | GLPS പുന്നക്കാട് റിപ്പയർ 75/17<br>AS/TS തുക: 200000രൂപ<br>കൺവീനർ: മാലിനി എം പി<br>കരാർ: 89/16-17/4-1-17<br>സർവ്വീസ് ടാക്സ്: 18717.19 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം:186394<br>(-) നികുതി: 14912<br>കൺവീനർക്ക്:171482<br>(ട്രഷറി ബിൽ നംപർ. 103/16-17 /31-3-17: 186394 രൂപ) | 10.5%: 19571 |
| 5 | GLPS പുൽവെട്ട ഡൈനിംഗ് ഹാൾ പൂർത്തീകരണം 66/16-17<br>AS/TS തുക: 400000രൂപ<br>കൺവീനർ: ബി ബൈജു<br>കരാർ: 91/16-17/4-1-17<br>സർവ്വീസ് ടാക്സ്: 22510.72 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം:379451<br>(-) നികുതി: 30357<br>കൺവീനർക്ക്:349094<br>(ട്രഷറി ബിൽ നംപർ. 115/16-17 /31-3-17: 379651രൂപ) | 6%: 22779 |
| 6 | GUPS പഴയകടക്കൽ അധികസൗകര്യം 226/16-17<br>AS/TS തുക: 300000രൂപ<br>കൺവീനർ: ജെയിംസ് കെ കെ<br>കരാർ: 136/16-17/6-3-17<br>സർവ്വീസ് ടാക്സ്: 28328.81 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം:280778<br>(-) നികുതി: 22463<br>കൺവീനർക്ക്:258313<br>(ട്രഷറി ബിൽ നംപർ. 117/16-17 /31-3-17: 280778രൂപ) | 6%: 29482 |
| 7 | GLPS പുന്നക്കാട് ക്ളാസ്സ് റൂം ടൈൽസ് 267/16-17<br>AS/TS തുക: 200000രൂപ<br>കൺവീനർ: മാലിനി MP<br>കരാർ: 123/16-17/27-2-17<br>സർവ്വീസ് ടാക്സ്: 17496.99 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം:179784<br>(-) നികുതി: 14389<br>കൺവീനർക്ക്:165401<br>(ട്രഷറി ബിൽ നംപർ. 102/16-17 /31-3-17: 179784രൂപ) | 10.5% 18877 |
| 8 | AE ഓഫീസ് അധികസൗകര്യം | മൂല്യനിർണ്ണയം:178423 | 10.5% |

| | | | |
|---|---|---|---|
| | 265/16-17<br>AS/TS തുക: 221802രൂപ<br>കൺവീനർ: ഫാരിഷ് മുഹമ്മത്<br>കരാർ: 150/16-17/6-3-17<br>സർവ്വീസ് ടാക്സ്: 20486 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | (-) നികുതി: 14274<br>കൺവീനർക്ക്:164149<br>(ട്രഷറി ബിൽ നംപർ. 107/16-17 /31-3-17: 178423രൂപ) | 18734 |
| 9 | ആയുർവേദ ഹോസ്പിറ്റൽ റിപ്പയർ79/16-17<br>AS/TS തുക: 100000രൂപ<br>കൺവീനർ: ജാസ്മി എം മുഹമ്മത്<br>കരാർ: 10/16-17/23-12-16<br>സർവ്വീസ് ടാക്സ്: 9287.85 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം:89496<br>(-) നികുതി: 7186<br>കൺവീനർക്ക്:82310<br>(ട്രഷറി ബിൽ നംപർ. 114/16-17 /31-3-17: 89496രൂപ) | 10.5% 9397 |
| 10 | തരിശ് അംഗനവാടി റിപ്പയർ 82/16-17<br>AS/TS തുക: 100000രൂപ<br>കൺവീനർ: അംബിക<br>കരാർ: 88/16-17/4-1-17<br>സർവ്വീസ് ടാക്സ്: 9450.53രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം:90284<br>(-) നികുതി: 7223<br>കൺവീനർക്ക്:83061<br>(ട്രഷറി ബിൽ നംപർ. 118/16-17 /31-3-17: 90284രൂപ) | 10.5%<br>9480 |
| 11 | ചെമ്പക്കുന്ന് മുക്കട്ട അംഗനവാടി റിപ്പയർ 84/16-17<br>AS/TS തുക: 260000രൂപ<br>കൺവീനർ: ജോളിയാമ<br>കരാർ: 35/16-17/31-12-16<br>സർവ്വീസ് ടാക്സ്: 24485.രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം:192403<br>(-) നികുതി: 15392<br>കൺവീനർക്ക്:177011<br>(ട്രഷറി ബിൽ നംപർ. 116/16-17 /31-3-17: 192403രൂപ) | 10.5%<br>20202 |
| 12 | കരുവാരകുണ്ട് സബ് സെന്റർ റിപ്പയർ 86/16-17 | മൂല്യനിർണ്ണയം:79220<br>(-) നികുതി: 6337 | 10.5% 8318 |

| | | | |
|---|---|---|---|
| | AS/TS തുക: 100000രൂപ<br>കൺവീനർ: മൈമൂന<br>കരാർ: 96/16-17/17-1-17<br>സർവ്വീസ് ടാക്സ്: 9187.74.രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | കൺവീനർക്ക്:72883<br>(ട്രഷറി ബിൽ നംപർ. 123/16-17 /31-3-17: 79220രൂപ) | |
| 13 | ഭവനംപറമ്പ് അംഗനവാടി റിപ്പയർ 176/16-17<br>AS/TS തുക: 250000രൂപ<br>കൺവീനർ: മുസൽമ<br>കരാർ: 14/16-17/23-12-16<br>സർവ്വീസ് ടാക്സ്: 22513.53രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം:214414<br>(-) നികുതി: 17153<br>കൺവീനർക്ക്:197261<br>(ട്രഷറി ബിൽ നംപർ. 131/16-17 /31-3-17: 214414രൂപ) | 10.5%<br>22584 |
| | | ആകെ | 226246 രൂപ |

കൺവീനർ തുക അടവാക്കാത്തതിനാൽ നിർവ്വഹണോദ്യോഗസ്ഥൻ സർവ്വീസ് ടാക്സ് അടവാക്കിയിട്ടുണ്ടെങ്കിൽ അക്കാര്യം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 14/16-8-17 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർവ്വീസ് ടാക്സ് 2,26,246 അടവാക്കി അക്കാര്യം അറിയിക്കേണ്ടതാണ്.

## 3-17 <u>കൺവീനർ സർവ്വീസ് ടാക്സ് അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

താഴെ പറയുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിയമപരമായ സർവ്വീസ് ടാക്സ് ഉൾപ്പെടുത്തി തയ്യാറാക്കി അംഗീകാരം വാങ്ങുകയും സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്തി കൺവീനർക്ക് തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കൺവീനർ ഈ തുക അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പദ്ധതിയുടെ വിശദാംശം | നൽകിയ തുക | സർവ്വീസ് ടാക്സ് |
|---|---|---|---|
| 1 | പയ്യാക്കോട് ക്ളാസ്സ് ടൈൽസ് 76/17<br>AS/TS തുക: 200000രൂപ<br>കൺവീനർ: അബ്ദുസമദ്<br>കരാർ: 3/16-17/23-12-16<br>സർവ്വീസ് ടാക്സ്: 11287.22 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം: 195130<br>(+) ST: 11708<br>കൺവീനർക്ക്: 206838<br>Ltd to 200000<br>(-) നികുതി 16000<br>കൺവീനർക്ക് 184000 | 11708 രൂപ |

| | | | |
|---|---|---|---|
| | | (ട്രഷറി ബിൽ നംപർ. 19/16-17/31-3-17: 200000 രൂപ) | |
| 2 | ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൗകര്യമേർപ്പെടുത്തൽ 185/17<br>AS/TS തുക: 450000രൂപ<br>കൺവീനർ: ഫാരിഷ് മുഹമ്മത്<br>കരാർ: 18/16-17/23-12-16<br>സർവ്വീസ് ടാക്സ്: 42284.73 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം: 414975<br>(+) ST: 43572<br>കൺവീനർക്ക്: 458547<br>Ltd to 450000<br>(-) നികുതി 36000<br>കൺവീനർക്ക് 414000<br>(ട്രഷറി ബിൽ നംപർ. 25/16-17/31-3-17: 450000 രൂപ) | 43572 രൂപ |
| 3 | ചെമ്പൻകുന്ന് കേമ്പിൻകുന്ന് അംഗനവാടി മുറ്റം കട്ട വിരിക്കൽ<br>AS/TS തുക: 50000രൂപ<br>കൺവീനർ: ഷംസിയാർ ബീഗം<br>കരാർ: 46/16-17/31-12-16<br>സർവ്വീസ് ടാക്സ്: 4617.52 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം: 46906<br>(+) ST: 4925<br>കൺവീനർക്ക്: 51831<br>Ltd to 50000<br>(-) നികുതി 4000<br>കൺവീനർക്ക് 46000<br>(ട്രഷറി ബിൽ നംപർ. 27/16-17/31-3-17: 50000 രൂപ) | 4925 രൂപ |
| 4 | കിഴക്കേതല സ്കൂൾ കെട്ടിടത്തിന് അധികസൗകര്യമേർപ്പെടുത്തൽ 77/17<br>AS/TS തുക: 495000രൂപ<br>കൺവീനർ: വിലാസിനി കെ കെ<br>കരാർ: 90/16-17/4-3-17<br>സർവ്വീസ് ടാക്സ്: 27941.53 രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | മൂല്യനിർണ്ണയം: 420184<br>(+) ST: 25211<br>കൺവീനർക്ക്: 445395<br>Ltd to 445395<br>(-) നികുതി 35632<br>കൺവീനർക്ക് 409763<br>(ട്രഷറി ബിൽ നംപർ. 56/16-17/3-3-17: 445395 രൂപ) | 25211രൂപ |
| 5 | ഡ്രൈനേജ് സൗകര്യമേർപ്പെടുത്തൽ 190/17<br>AS/TS തുക: 1000000രൂപ<br>കരാറുകാരൻ: കെ മുഹമ്മത് | മൂല്യനിർണ്ണയം: 904186<br>(+) ST: 54251<br>കൺവീനർക്ക്: 958437<br>Ltd to 961905 | 54251 രൂപ |

| | | | |
|---|---|---|---|
| | കരാർ: 139/16-17/6-3-17<br>സർവ്വീസ് ടാക്സ്: 56384.61രൂപ<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്) | (-) നികുതി 58003<br>കൺവീനർക്ക് 903902<br>(ട്രഷറി ബിൽ നംപർ. 110/16-17/3-3-17: 961905 രൂപ) | |
| | | ആകെ | 139667 രൂപ |

സർവ്വീസ് ടാക്സ് ഇനത്തിലുള്ള 1,39,667 രൂപ കൺവീനർ / കോൺട്രാക്ടർ അടവാക്കിയിട്ടുണ്ടെങ്കിൽ അക്കാര്യം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർവ്വീസ് ടാക്സ് ഇനത്തിലുള്ള 1,39,667 രൂപ കൺവീനർ / കോൺട്രാക്ടർ അടവാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 1,39,667 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## **3-18** അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫൈനൽ ബിൽ അംഗീകരിക്കുന്നതിന് മുമ്പ് കൺവീനർക്ക്/ കരാറുകാരന് തുക നൽകി; നഷ്ടം **4,792** രൂപ.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

താഴെപറയുന്ന പ്രവൃത്തികളുടെ ഫൈനൽ ബിൽ അസി. എഞ്ചിനീയർ തയ്യാറാക്കുകയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫൈനൽ ബിൽ അംഗീകരിക്കുന്നതിന് മുമ്പ് തന്നെ ട്രഷറിയിൽ നിന്ന് തുക പിൻവലിച്ച് കൺവീനർക്ക് / കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പദ്ധതിയുടെ വിശദാംശം | നൽകിയ തുക (AE മൂല്യനിർണ്ണയം നടത്തിയത്) | AEE അംഗീകരിച്ച മൂല്യനിർണ്ണയ തുക | അധികം പിൻവലിച്ച് നൽകിയ തുക |
|---|---|---|---|---|
| 1 | AE ഓഫീസ് ടൈൽസ് & അധികസൗകര്യമൊരുക്കൽ 265/16-17<br>AS/TS തുക: 221802രൂപ<br>കൺവീനർ:ഫാരിഷ് മുഹമ്മത്<br>കരാർ: 150/16-17/6-3-17<br>അളവ് പുസ്തകം: 109/16 | മൂല്യനിർണ്ണയം: 179747<br>(-)നികുതി: 14379<br>കൺവീനർക്ക്: 165368<br>(ട്രഷറി ബിൽ നംപർ. 107/16-17 /31-3-17: 179747 രൂപ) | മൂല്യനിർണ്ണയം: 178423<br>(-)നികുതി: 14274<br>കൺവീനർക്ക്: 164149 | 1324 രൂപ<br>(179747-178423) |
| 2 | ഡ്രൈനേജ് സൗകര്യമേർപ്പെടുത്തൽ 190/17 | മൂല്യനിർണ്ണയം: 907458<br>(+) ST 54447 | മൂല്യനിർണ്ണയം: 958437<br>(-)നികുതി: 57793 | 3468 രൂപ<br>(961905-958437) |

| | | | | |
|---|---|---|---|---|
| | AS/TS തുക: 1000000രൂപ<br>കരാറുകാരൻ: കെ മുഹമ്മത്<br>കരാർ: 139/16-17/6-3-17<br>അളവ് പുസ്തകം: 83/16-17 | ആകെ 961905<br>(-)നികുതി: 58003<br>കൺവീനർക്ക്: 903902<br>(ട്രഷറി ബിൽ നംപർ. 110/16-17 /31-3-17: 961905 രൂപ) | കൺവീനർക്ക്:900644 | |
| | | | ആകെ | 4792 രൂപ |

അധികം പിൻവലിച്ച് ചെലവഴിച്ച തുക തിരിച്ചടക്കേണ്ടതും AEE യുടെ അംഗീകാരമില്ലാതെ ഫൈനൽ ബിൽ അനുവദിച്ചത് വിശദമാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 16/17-08-2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 4,792 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതാണ്.

## 3-19 പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ലേലം ചെയ്തില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ നിന്നും പൊളിച്ചെടുത്ത സാധനങ്ങൾ പുനരുപയോഗിക്കുകയോ ലേലം നടത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പ്രവൃത്തി | ഇനം | പൊളിച്ചു മാറ്റിയ സാധനം | നൽകിയ തുക |
|---|---|---|---|---|
| 1 | മഞ്ഞൾപാറ ബദൽ സ്കൂൾ കെട്ടിട നിർമാണം 188/15<br>കൺവീനർ. സിദ്ദീഖ് സി.<br>കരാർ: 139/14-15/30-3-15<br>അളവ് പുസ്തകം: 97/13-14 | 12<br>13<br>14<br>15 | AC corrugated sheet: 148.72m2<br>AC ridge coping: 14.30 m<br>MS tabular truss 50mm: 212.60m<br>do 40mm: 77.95m<br>laterite wall: 7.77m3 | 1482295 രൂപ<br>ട്രഷറി ബിൽ നംപർ 8/16-17/14-12-16 |

മേൽ ഇനങ്ങളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-20 പുതിയ ബസ് സ്റ്റാന്റ് വികസനത്തിന് ബസ് ബേ നിർമാണം എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

പദ്ധതിയുടെ വിശദാംശം

പേര്: പുതിയ ബസ് സ്റ്റാന്റ് വികസനത്തിന് ബസ് ബേ, കാത്തിരിപ്പ് കേന്ദ്രം, ടോയ്‌ലറ്റ്, ഡ്രൈനേജ്. 154/16

അടങ്കൽ: 1448000

കരാറുകാരൻ: കെ സൈതലവി.(13.10% below E/R)

കരാർ: 44/15-16/26-9-15.

അളവ് പുസ്തകം: 104/15-16.

മൂല്യനിർണ്ണയം: 1448000

(-) Tender below(13.1%) 189688

ബാക്കി 1258312

(-)നികുതി 75876

കരാറുകാരന് 1182436 രൂപ (ട്രഷറി ബിൽ നംപർ 9/16-17/13-12-16 )

അപാകതകൾ

1) മേൽ പ്രവൃത്തിയുടെ 18 ാം ഇനം ബസ് സ്റ്റാന്റ് യാഡിൽ ക്വാറി മക്ക് ഫില്ലിംഗ് (എസ്റ്റിമേറ്റ് പ്രകാരം 50.00*55.00*0.15, 55.00*5.00*0.15, ആകെ 453.75m3) നടത്താനുള്ളതാണ്. ആയത് പ്രകാരം 454.63 m3 ക്വാറി മക്ക് ഫില്ലിംഗ് നടത്തിയതിന് 929.20/m3 നിരക്കിൽ 422442 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. മേൽ പ്രവൃത്തി സ്ഥലം 17-08-2017 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുകയുണ്ടായി. പണിസ്ഥലത്തുനിന്ന് ലഭ്യമായ ചെറിയ പാറക്കഷ്ണം മണ്ണ് മുതലായവ കൂട്ടിക്കലർത്തി സ്ഥലം നിരപ്പാക്കുക മാത്രം ചെയ്തതായാണ് കാണപ്പെട്ടത്. പിക്ക് ആക്സ് കൊണ്ട് സ്ഥലം കുഴിച്ച് നോക്കിയപ്പോൾ എസ്റ്റിമേറ്റ്, അളവ് പുസ്തകം എന്നിവപ്രകാരമുള്ള പ്രവൃത്തി നടത്തിയതായി കാണാൻ കഴിഞ്ഞില്ല. 0.15 മീറ്റർ കനത്തിൽ ക്വാറി മക്ക് ഫില്ലിംഗ് നടത്തിയതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, മേൽ പ്രകാരം പണിസ്ഥലത്തുനിന്ന് ലഭ്യമായ ചെറിയ പാറക്കഷ്ണം, മണ്ണ് മുതലായവ കൂട്ടിക്കലർത്തി സ്ഥലം നിരപ്പാക്കുക മാത്രമാണ് ചെയ്തതെന്ന് മാത്രമല്ല, അത്തരത്തിൽ നടത്തിയത് പോലും വളരെ കനം കുറഞ്ഞ അളവിലാണെന്ന് കാണപ്പെട്ടു. മാത്രമല്ല, ബസ് സ്റ്റാന്റ് നിർമ്മാണം പകുതി പോലും പൂർത്തിയാകാത്ത ഘട്ടത്തിൽ, അവസാനഘട്ടമായി ചെയ്യേണ്ട ക്വാറിമക്ക് ഫില്ലിംഗ് നടത്തിയത് എന്തിനാണെന്നും വ്യക്തമല്ല. തൃപ്തികരമായ രീതിയിൽ പ്രവൃത്തി ചെയ്യാതിരുന്നിട്ടും കരാറുകാരന് മുഴുവൻ തുകയും നൽകിയത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്ത് നിന്ന് വന്ന വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ, DSR specification പ്രകാരമുള്ള ക്വാറി മക്ക് ഫില്ലിംഗ് മേൽ പ്രകാരമുള്ള സ്ഥലത്ത് കരാറുകാരന്റെ സ്വന്തം ചെലവിൽ നടത്തി അക്കാര്യം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവ് തുക 367102 രൂപ (422442 – 13.1%) കരാറുകാരനിൽ നിന്നോ ,പ്രവൃത്തി തൃപ്തികരമായ രീതിയിൽ പൂർത്തീകരിക്കാതിരുന്നിട്ടും കരാറുകാരന് തുക അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത കാളികാവ് ബ്ളോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. അത് വരെ ചെലവ് തുക 3,67,102 രൂപ ഓഡിറ്റിൽ തടസ്സംചെയ്യുന്നു. വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 26/17-08-2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുമില്ല.

2) മേൽ പ്രവൃത്തിയുടെ ഇനം 25 പ്രകാരം 0.30 മീറ്ററിൽ കൂടാത്ത താഴ്ചയിൽ 483.00 m2 അളവിൽ മൺപണി ചെയ്തതിന് 6581.61/100m2 നിരക്കിൽ 31789 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലം മുൻവർഷങ്ങളിൽ എർത്ത് കട്ടിംഗ് നടത്തി നിരപ്പാക്കിയ സ്ഥലമാണ്. എർത്ത് കട്ടിംഗ് പ്രവൃത്തിക്ക് ശേഷം ഈ പ്രവൃത്തി സ്ഥലത്ത് ഒരു പ്രവൃത്തിയും നടത്തിയിട്ടുമില്ല. അങ്ങിനെയുള്ള സ്ഥലത്ത് മേൽപ്രകാരമുള്ള പ്രവൃത്തി നടത്തേണ്ടതില്ല. മാത്രമല്ല, പ്രവൃത്തി സ്ഥലത്തിനോട് ചേർന്നുള്ള സ്വകാര്യസ്ഥലത്തുനിന്ന് മണ്ണ് കിളച്ചുമാറ്റി ഈ പ്രവൃത്തി സ്ഥലത്തുകൂടിയാണ് കൊണ്ടുപോകുന്നത്. സ്ഥലപരിശോധനയിലും ഇക്കാര്യങ്ങൾ

ബോധ്യപ്പെട്ടു. ചെയ്യേണ്ടാത്തതായ ഇനം പ്രവൃത്തിക്ക് തുക അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 26/17-08-2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുമില്ല. ആയതിനാൽ ഈയിനത്തിലുള്ള ചെലവ് 27,625 രൂപ (31789- 13.1%) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്.

## 3-21 സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് ഡ്രൈനേജ് നിർമ്മിച്ചു; വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

പദ്ധതിയുടെ വിശദാംശം

പേര്: ഡ്രൈനേജ് സൗകര്യമേർപ്പെടുത്തൽ 190/17

അടങ്കൽ: 1000000

കരാറുകാരൻ: കെ മുഹമ്മത്.

കരാർ: 139/16-17/6-3-17

അളവ് പുസ്തകം: 83/16-17

മൂല്യനിർണ്ണയം: 961905

(-)നികുതി 58003

കരാറുകാരന് 903902 രൂപ (ട്രഷറി ബിൽ നംപർ 110/16-17/31-3-17)

മേൽ പ്രവൃത്തി ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്താണ് നടപ്പിലാക്കിയതെന്ന് 17-08-2017 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് നടത്തിയ പ്രവൃത്തിക്ക് പൊതുപണം ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/17-08-2017) മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതു ഉപയുക്തത ഒട്ടുമില്ലാത്ത, തികച്ചും സ്വകാര്യ വ്യക്തികളുടെ ആവശ്യത്തിനായി പൊതുപണം ഉപയോഗിക്കുന്നത് പൊതുപണത്തിന്റെ ദുർവിനിയോഗമാണ്. ആയതിനാൽ തന്നെ ഈയിനത്തിലുള്ള ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 9,61,905 രൂപ ഉത്തരവാദിയായവരിൽ നിന്നീടാക്കേണ്ടതാണ്.

## 3-22 ബസ് സ്റ്റാന്റ് ഭൂമി സൗകര്യപ്പെടുത്തൽ (290/16) എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

പദ്ധതിയുടെ വിശദാംശം.

പേര്: ബസ് സ്റ്റാന്റ് ഭൂമി സൗകര്യപ്പെടുത്തൽ (290/17)

അടങ്കൽ: 400000

കൺവീനർ: ഹംസ

കരാർ: 78/15-16/3-2-16

അളവ് പുസ്തകം: 103/15-16

ചെലവ്: (നികുതി ഉൾപ്പെടെ) 400000(ട്രഷറി ബിൽ നംപർ 6/16-17/30-9-16)

മേൽ പ്രവൃത്തിയുടെ ഏകയിനം എർത്ത് കട്ടിംഗ് ആണ്. ആയത് പ്രകാരം 1441.19m3 ന് 298.97/m3 നിരക്കിൽ 400000/- രൂപ (നികുതിയുൾപ്പെടെ) അനുവദിച്ചിട്ടുണ്ട് (TS തുകയിൽ limit ചെയ്തു). കുഴിച്ചെടുത്ത മണ്ണ് പ്രവൃത്തിസ്ഥലത്ത് ശേഖരിച്ച് വെച്ചിട്ടുണ്ടെന്ന് അളവ് പുസ്തകം പേജ് 2 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 17-8-17 ന് നടത്തിയ സ്ഥലപരിശോധനയിൽ ഈ മണ്ണ് കണ്ടെത്താൻ കഴിഞ്ഞില്ല. മണ്ണിന്റെ വിനിയോഗം സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്. ആയത് വരെ ചെലവ് തുക 4,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-23 പൂന്നക്കാട് ഗ്രൗണ്ട് (217/17) എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

പദ്ധതിയുടെ വിശദാംശം.

പേര്: പൂന്നക്കാട് ഗ്രൗണ്ട് (217/17)

അടങ്കൽ: 426676

കൺവീനർ: അബ്ദുൾ ലത്തീഫ്

കരാർ: 2/16-17/3-23-12-16

ചെലവ്: (നികുതി ഉൾപ്പെടെ) 402628 രൂപ(ട്രഷറി ബിൽ നംപർ 109/16-17/31-3-17)

മേൽ പ്രവൃത്തിയുടെ ഏകയിനം ഡിപ്പാർട്ട്മെന്റൽ എർത്ത് ലവലിംഗ് എന്ന പ്രവൃത്തിയാണ്. ആയത് പ്രകാരം 2244.93 m3 മണ്ണ് ലെവൽ ചെയ്തതിന് 179.35/m3 നിരക്കിൽ 402628 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഡിപ്പാർട്ട്മെന്റൽ എർത്ത് എവിടെനിന്ന് ലഭിച്ചു എന്ന് വ്യക്തമല്ല. വിശദാംശം ആവശ്യപ്പെട്ട് നൽകിയ 22/17-8-17 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുമില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ ചെലവ് തുക 4,02,628 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-24 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - ചെലവ് രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 274/17 |
| ചെലവ് തുക | 5,78,086 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ, വണ്ടൂർ |

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതിയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റിന് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് റിക്വസിഷൻ നൽകിയിട്ടും രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുകയായ 5,78,086/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 255950 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (37/2016-17) | 255950 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 400000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 78086 | 321914 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | റോഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 21601152 തിയ്യതി. 31.03.2017 | 403585 | 403585 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്.

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 98-99 | 63 | 2003-04 | | പുന്നക്കാട് ആനവാരിക്കൽ വി.സി ബി ബസ്സ്സ്റ്റാന്റ് ലേലം | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 99-00 | 45,46 | | | വി.സി.ബി നിർമ്മാണം പുന്നക്കാട് കളിസ്ഥലം | |
| 03-04 | 3(3) | 06-07 | | അക്ഷയ,എസ്.എസ്.എ പദ്ധതികൾ അധികചെലവ് | „ |
| | 3(10) | | | മിനി ഇന്ഡസ്ട്രിയൽ എസ്റ്റേറ്റ് അധിക ചെലവ് | „ |
| | 3(11) | | | മരാമത്ത്പണി അധികചെലവ് വൃദ്ധ വികലാംഗ വിശ്രമ കേന്ദ്രം | „ |
| 07-08 | 3(12) | 2004-05 | | എസ്.ജി.ആർ വൈ ഭക്ഷ്യധാന്യം അധികം അനുവദിച്ചത് | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 83987578 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74820160 |
| വരവിനങ്ങളിലുള്ള നഷ്ടം | 4351 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11,07,957 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 48,03,463 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-6 | 319 | | ശ്രീ.എസ്.നിസ്സാർ, സെക്രട്ടറി |
| 2-7 | 4032 | | ശ്രീ.എസ്.നിസ്സാർ, സെക്രട്ടറി |
| 3-6 | | 8,800 | ശ്രീ.കെ.കെ.ജെയിംസ്, ഹെഡ്മാസ്റ്റർ |
| 3-11 | | 54,000 | ശ്രീ.ബാലചന്ദ്രൻ നായർ, കൃഷി |

| | | | |
|---|---|---|---|
| | | | ഓഫീസർ |
| 3-12 | | 16,800 | ഡോ.സഞ്ജു.എം.പി, മെഡിക്കൽ ഓഫീസർ |
| 3-15 | | 34,035 | ശ്രീമതി.പി.നാരായണി, അസി.എഞ്ചിനീയർ |
| 3-18 | | 4,792 | ശ്രീമതി.പി.നാരായണി, അസി.എഞ്ചിനീയർ |
| 3-20 | | 27,625 | ശ്രീമതി.പി.നാരായണി, അസി.എഞ്ചിനീയർ |
| 3-21 | | 9,61,905 | ശ്രീമതി.പി.നാരായണി, അസി.എഞ്ചിനീയർ |
| ആകെ | 4351 | 11,07,957 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,10,000 | ശ്രീ.എസ്.നിസ്സാർ, സെക്രട്ടറി |
| 3-2 | 4,03,585 | ശ്രീ.എസ്.നിസ്സാർ, സെക്രട്ടറി |
| 3-3 | 13,24,520 | ശ്രീ.എസ്.നിസ്സാർ, സെക്രട്ടറി |
| 3-7 | 2,75,415 | ശ്രീ.കെ.കെ.ജെയിംസ്, ഹെഡ്മാസ്റ്റർ |
| 3-9 | 15,660 | ശ്രീമതി.വിനോദിനി.വി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-11 | 3,66,000 | ശ്രീ.ബാലചന്ദ്രൻ നായർ, കൃഷി ഓഫീസർ |
| 3-12 | 20,800 | ഡോ.സഞ്ജു.എം.പി, മെഡിക്കൽ ഓഫീസർ (PHC) |
| 3-13 | 2,00,000 | -ടി- |
| 3-14 | 1,00,000 | ഡോ.സാബിറ,മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-17 | 1,39,667 | ശ്രീമതി.പി.നാരായണി, അസി.എഞ്ചിനീയർ |
| 3-20 | 3,67,102 | -ടി- |
| 3-22 | 4,00,000 | ശ്രീമതി.പി.നാരായണി, അസി.എഞ്ചിനീയർ |
| 3-23 | 4,02,628 | ശ്രീമതി.പി.നാരായണി, അസി.എഞ്ചിനീയർ |
| 3-24 | 5,78,086 | ശ്രീ.മുഹ്സിൻ മൊയ്തീൻ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| ആകെ | 48,03,463 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-16 | 2,26,246 | ശ്രീമതി.പി.നാരായണി, അസി.എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എസ്.നിസ്സാർ, സെക്രട്ടറി | സെക്രട്ടറി,കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് | സൗദ ബിൽഡിംഗ്, മൂങ്ങോട്.പി.ഒ, വർക്കല |
| ശ്രീ.കെ.കെ.ജെയിംസ്, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ | കഠിയാംനടക്കൽ, കേരള എസ്റ്റേറ്റ്.പി.ഒ, പിൻ - 676525 |
| ഡോ.സഞ്ചു.എം.പി, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ | മൂത്തേടത്ത് പാലശ്ശേരി മന, കരിക്കാട്, തൃക്കലങ്ങോട്.പി.ഒ, മഞ്ചേരി |
| ശ്രീ.ബാലചന്ദ്രൻ നായർ, കൃഷി ഓഫീസർ | കൃഷി ഓഫീസർ | ഹൗസ് നമ്പർ.298, ദ്വാരക ലൈൻ, പാർക്ക് റോഡ്, കിഴിരാമൻപുത്തൂർ, നാഗർകോവിൽ 4, തമിഴ്നാട് |
| ശ്രീമതി.പി.നാരായണി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | നിഷ്നിയ ഹൗസ്, കരുവൺമ്പ്രം.പി.ഒ, മഞ്ചേരി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95<br>1995-96 | എൽ.എഫ്.എം.15/236/03, തീ:15-10-2010 | 07 | |

| | | | |
|---|---|---|---|
| 1996-97 | എൽ എഫ് .എം 15/461/01 തി. 15-10-2010 | 07 | |
| 1997-98 | എൽ എഫ് എം 15/705/01,തി. 15-10-2010 | 37 | |
| 1998-99 | എൽ.എഫ്.എം.15/258/02, തി.15-10-2010 | 30 | |
| 1999-2000 | എൽ.എഫ്.എം.15/259/02, തി.15-10-2010 | 06 | |
| 2000-01 | എൽ.എഫ്.എം.15/260/02, തി.26-10-2010 | 19 | |
| 2001-02 | എൽ.എഫ്.എം.12/362/03, തി.15-10-2010 | 03 | |
| 2002-03 | എൽ.എഫ്.എം.6/890/06, തി.15-10-2010 | 07 | |
| 2003-04 | എൽ.എഫ്.എം.6/974/08-5, തി.15-10-2010 | 05 | |
| 2004-05 | എൽ.എഫ്.എം. 6/2079/08, തി.15-10-2010 | 31 | |
| 2005-06 | എൽ.എഫ്.എം..6/251/07, തി.15-10-2010 | 20 | |
| 2006-07 | എൽ.എഫ്.എം. 6/1324/08, തി.15-10-2010 | 13 | |
| 2007-08 | എൽ.എഫ്.എം. 6/ 272/09, തി. 11-11-2009 | 19 | |
| 2008-09 മുതൽ 2010-11 വരെ | എൽ.എഫ്.എം.7/1881/12, തി:19-01-2013 | 05 | |

| | | | |
|---|---|---|---|
| | | | |
| 2011-12<br>2012-13 | എൽ.എഫ്.എം.7/423/14<br>തി.08-08-2014 | 27 | |
| 2013-14<br>2014-15 | എൽ.എഫ്.എം.7/423/14 തി.08-08-2014 | 10 | |
| 2015-16 | കെ.എസ്.എ.എം.പി.എം.7/3264/2016<br>തി.07-02-2017 | 17 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

കെ.എസ്.എ-എം.പി.എം.7/1999/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

പിൻ- 676 505 ഫോൺ: 0483 2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 31/10/2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി

കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിൻെറ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,

മലപ്പുറം.

# ANNEXURE - 1

# AUDIT CERTIFICATE.

KSA-MPM.7/1999/2017

Kerala State Audit Department

District Audit Office, Malappuram

PIN- 676 505 Phone: 0483 2734951

Email- dompm.ksad@kerala.gov.in

Dated 31/10/2017

CERTIFICATE

Certified that I have examined the Annual Financial Statement of Karuvarakkundu Grama Panchayat in Malappuram District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act

1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Karuvarakkundu Grama Panchayat for the year 2016-17 except the observations in my audit report properly present the picture of income and expenditure.

DEPUTY DIRECTOR

MALAPPURAM